സാമൂഹീക ആഘാത പഠന അന്തിമറിപ്പോർട്ട്

മുഹയുദ്ദീൻപള്ളി–കെട്ടുങ്ങൽ തീരദേശ പാത റീച്ച്–3: നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ: പരിയാപുരം വില്ലേജിൽ തിരൂർ താലുക്ക്, മലപ്പുറം ജില്ല.

സമർപ്പണം
ജില്ലാകളക്ടർ, മലപ്പുറം

ഏജൻസി: ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്,
അങ്ങാടിക്കടവ്, ഇരിട്ടി, കണ്ണൂർ – 670706
Phone: (0490) 2426014; 7012516402
dbascoffice@gmail.com

17 ഏപ്രിൽ 2023

സമർപ്പണം

മലപ്പുറം ജില്ല ഭരണകൂടത്തിൻെറ നടപടി പ്രകാരവും (File No. DCMPM/249/2021/LA4. തിയതി 17/03/2023) സർക്കാർ ഉത്തരവ് G.O.(P)No.980/2023/RD തിരുവനന്തപുരം, തിയതി 17/03/2023 പ്രകാരം തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ തീരദേശ പാത റീച്ച്-3 പദ്ധതി നടപ്പിലാക്കുവാൻ ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ ആഘാത പഠനം ഇരിട്ടി, അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജിനെ ഏൽപിച്ചുകൊണ്ട് ഉത്തരവായി. ഡെപ്യൂട്ടികളക്ടർ (എൽ.എ.) മലപ്പുറം കളക്ട്രേറ്റ്, ഭൂമി ഏറ്റെടുക്കൽ പ്രത്യേക ഓഫിസർ (സ്പെഷ്യൽ തഹസിൽദാർ (കിഫ്ബി എൽ.എ.) മലപ്പുറം, കെ ആർ എഫ്.ബി എന്നീ ഓഫീസുകളിൽനിന്നും ലഭിച്ച അലൈൻറ്മെൻറ് രൂപരേഖയും കൂടതെ, താനൂർ നഗരസഭാ ഓഫീസിൽനിന്നും വാർഡ് കൗൺസിലർമാർ മറ്റ് അധികാരികളും നൽകിയ വിവരങ്ങൾ അനുസരിച്ച് പദ്ധതിബാധിത കുടുംബങ്ങളിൽനിന്നും തത്പരകക്ഷികളിൽനിന്നും വിവരങ്ങളും ശേഖരിച്ചാണ് സാമൂഹ്യ ആഘാത പഠനസംഘം ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. പഠന റിപ്പോർട്ടിൻെറ കരട് കോപ്പി 17 ഏപ്രിൽ 2023ന് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിലൂടെ (ഫോറം-5) പ്രസ്തുത വിവരം അറിയിക്കുകയും ചെയ്തു. വസ്തുവകകളെ സംബന്ധിച്ചും, ഉടമസ്ഥതയെ സംബന്ധിച്ചുമുള്ള ഇതിൻെറ ആധാരരേഖകൾ ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കേണ്ടതാണ്.

ഡയറക്ടർ

സാമൂഹ്യ ആഘാത പഠന സംഘം

ഡോൺ ബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ

ഉള്ളടക്കം

അദ്ധ്യായം 1: പദ്ധതി സംഗ്രഹം

1.1 പദ്ധതിയും പൊതുതാത്പര്യവും 06

1.2 പദ്ധതി പ്രദേശം 06

1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും 07

1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം 07

1.5 സാമൂഹ്യ ആഘാതം 07

1.6 ആഘാത ദുരീകരണ മാർഗ്ഗങ്ങൾ 08

1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി 08

1.8 പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 10

1.9 പദ്ധതി ബാധിതരുടെ പ്രധാന നിർദ്ദേശങ്ങൾ 10

അദ്ധ്യായം 2: പദ്ധതി വിവര വിശദീകരണം

2.1. പദ്ധതി പശ്ചാത്തലം 11

2.2. പദ്ധതി പ്രദേശം 11

2.3 വലിപ്പവും സ്വഭാവവും 12

2.4 സാദ്ധ്യയുള്ള ഇതര പ്രദേശങ്ങൾ 12

2.5 പ്രകൃതി ആഘാതത്തിൻെറ വിശദാംശങ്ങൾ 13

2.6 തൊഴിലാളികൾ 13

2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ 13

2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും 13

അദ്ധ്യായം 3: സാമൂഹ്യ ആഘാത പഠന സമീപനവും രീതിയും സംഘവും

3.1 ആമുഖം 15

3.2 സാമൂഹ്യ ആഘാത പഠന (SIA) സംഘം 15

3.3 പഠന പ്രക്രിയ 16

3.4 വിവര ശേഖരണവും രീതിയും 16

3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും 17

3.6 പൊതുചർച്ചയുടെ സംക്ഷിപ്തരൂപം 18

അദ്ധ്യായം 4: ഭൂമി വിലയിരുത്തൽ

4.1 പശ്ചാത്തലം 23

4.2 ബാധിതമാകുന്ന വസ്തുക്കളുടെ വിവരങ്ങൾ 23

4.3 പദ്ധതിയുടെ രൂപരേഖ 23

4.4 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി 24

4.5 പൊതു ഭൂമിയുടെ ഉപയോഗം 24

4.6 വാങ്ങിയ ഭൂമി 24

4.7 പദ്ധതി പ്രദേശത്തെ ഭുമി ഇടപാടുകൾ 24

അദ്ധ്യായം 5: മൂല്യനിർണ്ണയവും വിവരണവും

5.1 ബാധിക്കുന്ന ഭൂമി / ആസ്തി വിവരം 25

5.2 ബാധിതമാകുന്നതിൻെറ വ്യാപ്തി 26

5.3 ഭൂമികളുടെ ഉടമസ്ഥാവകാശം 26

5.4 ഭൂമിയുടെ രേഖകൾ 26

5.5 പദ്ധതി പ്രദേശത്തെ നിലവിലത്തെ ഭൂമിയുടെ ഉപയോഗം 26

5.6 ഇതര ഭൂമികളുടെ ഉടമസ്ഥാവകാശം 26

അദ്ധ്യായം 6: സാമൂഹ്യ സാമ്പത്തിക ഘടന

6.1 ആമുഖം 27

6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ/ബാധിതരായ ജനസംഖ്യ 27

6.3 പ്രതിമാസ വരുമാനം 28

6.4 കുടുംബ വരുമാനത്തിന്മേലുള്ള ആഘാതം 28

6.5 മുഖ്യമായ വരുമാന മാർഗ്ഗം 28

6.6 റേഷൻ കാർഡിൻെറ ഇനം 29

6.7 ബാധിതരാകുന്ന ദുർബല വിഭാഗം 29

അദ്ധ്യായം 7: ആഘാത ദുരീകരണപദ്ധതി

7.1 ആഘാത ദുരീകരണ സമീപനം 30

7.2 ആഘാതം ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും 30

7.3 പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ 31

7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ 31

7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ 31

7.6 ആഘാത ദുരീകരണവും പ്ലാനും 31

സാമ്പത്തിക നടപടികൾ 32

പാരിസ്ഥിതിക നടപടികൾ 32

പുനരധിവാസവും 32

7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ 32

അദ്ധ്യായം 8: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി – അടിസ്ഥാന ഘടന

8.1 ആമുഖം 34

8.2 സ്ഥാപന ഘടനയും പ്രധാന വ്യക്തികളും 34

അദ്ധ്യായം 9: സാമൂഹ്യ ആഘാത നിയന്ത്രണത്തിൻെറയും ദുരീകരണത്തിൻെറയും ബജറ്റ്

9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ് 35

9.2 വാഷിക ബജറ്റും പ്രവർത്തന പ്ലാനും 35

9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും 35

അദ്ധ്യായം 10: സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും

10.1 ആമുഖം 37

10.2 സംസ്ഥാന തലത്തിലുള്ള സംവിധാനം 37

10.3 ജില്ലാ തലത്തിലുള്ള സംവിധാനം 37

അദ്ധ്യായം 11: ചെലവുകളുടെയും പ്രയോജനങ്ങളുടെയും അവലോകനം ഭൂമി ഏറ്റെടുക്കലിനെ സംബന്ധിച്ചുള്ള ശുപാർശ

11.1 സമാപ്തിയും ലക്ഷ്യങ്ങളുടെ വിലയിരുത്തലും 39

11.2സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം 39

11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ 39

11.4 സംഗ്രഹവും പരിസമാപ്തിയും 40

അനുബന്ധം 1: സർക്കാർ ഉത്തരവുകൾ

അനുബന്ധം 2: ഫോറം –5 പത്രവിജ്ഞാപനം

അനുബന്ധം 3: പൊതുചർച്ചയിൽ സന്നിഹിതരായവരുടെ പട്ടിക

അനുബന്ധം 4 പദ്ധതിയുടെ ഭൂപടം

അനുബന്ധം 5: വിവര ശേഖരണത്തിനുള്ള ചോദ്യാവലി

അദ്ധ്യായം 1
പദ്ധതി സംഗ്രഹം

1.1 പദ്ധതിയും പൊതു താത്പര്യവും

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. താനൂരുനിന്നും കെട്ടുങ്ങൽപാലം കടന്ന് പരപ്പനങ്ങാടിയിലേക്കുള്ള റോഡിലാണിത്. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്കും നിത്യേനയെന്നോണം നിരത്തിലെ വാഹനങ്ങളുടെ എണ്ണവും പരിഗണിക്കുമ്പോൾ ഈ തീരദേശ പാത ഏറ്റവും അനിവാര്യമായ ഒന്നാണ്.

തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ പാതക്കു 630 കി.മി നീളമുണ്ട്. 9 ജില്ലകളിൽകൂടി (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഏർണാകുലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്) ഇത് കടന്നുപോകുന്നു. ദേശീയ പാതയിലെ തിരക്കുകുറക്കുക എന്നതാണു തീരദേശ പാത കൊണ്ടുദ്ദേശിക്കുന്നത്

14 സർവേ നമ്പറുകളിൽനിന്നായി 88.20 ആർസ് ഭൂമിയാണു പുതുതായി ഏറ്റെടുക്കുവാനുദ്ദേശിക്കുന്നത്. തീരദേശ പാത റീച്ച്-3 ൻെറ നിർമ്മാണച്ചുമതല നൽകിയിരിക്കുന്നത് കേരള റോഡ് ഫണ്ട് ബോർഡിനാണ് (KRFB). ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാർ എൽ.ഏ.കിഫ്ബിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

1.2 പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. തനൂർ നഗരസഭാപരിധിയിൽ ഒന്നാം വാർ ഡിൽപ്പെടുന്ന സ്ഥലമാണിത്. ഏകദേശം 88.20 ആർസ് ഭൂമിയാണു ഏറ്റെടുക്കാനുള്ളത്.



1.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

മൊത്തം ആവശ്യമുള്ള ഭൂമി ഏകദേശം 88.20 ആർസ് തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ ആവശ്യം. ചുറ്റുമതിലും ഗെയ്റ്റും തെങ്ങുകൃഷി പ്രദേശങ്ങളും ചേർന്ന സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി.



ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപരേഖ

1.4 സാദ്ധ്യതയുള്ള ഇതര പ്രദേശങ്ങൾക്കായുള്ള അന്വേഷണം

ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. പാലത്തിൻെറ അടിയിലൂടെ റോഡ് നിർമ്മിച്ചാൽ പാലത്തിൻെറ വലതുവശത്ത് സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല എന്നു ഒരു ബാധിതൻ വ്യക്തമാക്കി. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ പാതക്കു വേണ്ടിയുള്ള അലൈൻമെൻറ് ആയതിനാൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. നിലവിലുള്ള പാലത്തിനും വഴിക്കും ചേർന്നുള്ളതിനാലും. 88.20 ആർസ് ഭൂമി മാത്രം ആവശ്യമായതിനാലും, അധികം ജനവാസ പാർപ്പിടങ്ങൾ ഇല്ലാത്തതിനാലും. നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

1.5 സാമൂഹ്യ ആഘാതം

14 സർവേ നമ്പറുകളിൽ നിലവിലുള്ള കൃഷിയിടങ്ങൾചേർന്ന ഏകദേശം 88.20 ആർസ് സ്ഥലമാണ് ഏറ്റെടുക്കുവാനുള്ളത്. കാർഷിക സമ്പത്ത്, തെങ്ങ്, ചുറ്റുമതിൽ തുടങ്ങിയവ ഈ

പ്രദേശത്തുണ്ട്. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 57 പുരുഷന്മാരും 49 സ്ത്രീകളുമുൾപ്പെടെ 13 കുടുംബങ്ങളും ഒരു ആശ്രമത്തിൻെറയും ഏകദേശം 106 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഉപജീവനമാർഗ്ഗത്തിലുണ്ടാകാവുന്ന നഷ്ടം മുഖേന പരോക്ഷമായോ പ്രത്യക്ഷമായോ 13 കുടുംബങ്ങളെ ബാധിക്കും. വീടുകളെ ബാധിക്കുന്നില്ലാത്തതിനാൽ പുനരധിവസിപ്പിക്കേണ്ടതായി വരുന്ന കുടുംബങ്ങൾ ഇല്ല. ഇവരിൽ ചിലർക്ക് (6) അവരുടെ പരമ്പരാഗതമായ ഭൂസ്വത്ത് ആയതിനാൽ ഭൂമിയുമായുള്ള വൈകാരിക ബന്ധത്തിനും കോട്ടം സംഭവിക്കും. മതിയായ പ്രതിഫലംകൊണ്ട് ഏറ്റെടുക്കൽ വരുത്തിവയ്ക്കുന്ന മുറിവ് പൂർണ്ണമായും ഇല്ലാതായേക്കാം. ഇവരിൽ ചിലർ ഇതിനു മുൻപും അവരുടെ വസ്തു ത്യജിക്കേണ്ടതായി വന്നിട്ടുണ്ട്.

1.6 ആഘാത ലഘൂകരണ മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്.

പട്ടിക 1.1 സാമൂഹ്യ ആഘാതവും ലഘൂകരണ നടപടികളും

ക്രമ സംഖ്യ	സർവ്വേ നമ്പർ	സ്ഥിതി: പ്രത്യക്ഷം / പരോക്ഷം	ലഘൂകരണ നിർദ്ദേശങ്ങൾ
1	വീടുകൾ	ഒന്നുമില്ല	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
2	ഭൂമി നഷ്ടം	14 , ഭൂമി – പ്രത്യക്ഷം	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
3	കെട്ടിടങ്ങൾക്കുള്ള നഷ്ടം/കേടുപാടുകൾ	ഒന്നുമില്ല	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
4	മറ്റു നിർമ്മിത വസ്തുക്കൾ	ആശ്രമത്തിൻെറ ചുറ്റുമതിൽ	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം
5	ജല സ്രോതസ്സുകൾ	ഒന്നുമില്ല	ഭംഗം വരാതെ ആവുന്നത്ര നിലനിർത്തുക
6	കാർഷിക സമ്പത്തുകളുടെ നഷ്ടം.	തെങ്ങ്, മറ്റു മരങ്ങൾ	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം.
7	പൊതു ഉപയോഗ സ്ഥാപനങ്ങൾ	ഒന്നുമില്ല	ഭൂമി ഏറ്റെടുക്കൽ 2013 നിയമ പ്രകാരം നഷ്ടപരിഹാരം.

1.7 സാമൂഹ്യ ആഘാത ദുരീകരണ പദ്ധതി

സാമൂഹ്യ ആഘാത പഠനത്തിൽ നടത്തിയ അവലോകനങ്ങളുടെയും അന്വേഷണങ്ങളുടെയും ചർച്ചകളുടെയും വെളിച്ചത്തിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ മുഖേന ഉണ്ടാകാവുന്ന സാമൂഹ്യ

ആഘാത ലഘൂകരണ പ്ലാൻ വികസിപ്പിച്ചെടുത്തിരിക്കുന്നു. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

സാമ്പത്തിക വശങ്ങൾ

ഭൂമിയോ വിഭവങ്ങളോ നഷ്ടപ്പെടുന്ന 13 കുടുംബങ്ങൾക്കും ഒരു ആശ്രമത്തിനും പരമാവതി നഷ്ടപരിഹാരം കാലതാമസമില്ലതെ ലഭ്യമാക്കണം. ഇവരിൽ ചിലർ ഇതിനു മുൻപും അവരുടെ വസ്തു ത്യജിക്കേണ്ടതായി വന്നീട്ടുണ്ട്. ബഷീർ മങ്കീച്ചൻെറപുരക്കൽ എന്ന ആളുടെ 2 പെൺകുട്ടികളുടെ പേരിലുള്ള സ്ഥലമാണു നഷ്ടമാകുന്നത്. അവരുടെ ഭൂമി ഇതിനു മുൻപ് കോളനിയിലേക്കുള്ള പഞ്ചായത്ത് റോഡിനായി സൗജന്യമായി നൽകിയതാണ്. നഷ്ടപ്പെടുന്ന വ്യക്തികൾക്ക്/കുടുമ്പങ്ങൾക്ക് നിയമം അനുശാസിക്കുന്ന നഷ്ടപരിഹാരം നൽകുക.

പാരിസ്ഥിതികം

ശരിയായ രീതിയിൽ വെള്ളം ഒഴുകിപ്പോകുവാൻ സംവിധാനമുണ്ടാക്കിയാൽ ഒരു പരിധിവരെ പരിഹാരമായേക്കാം. പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

പട്ടിക **1.2 -** ഗുണകരമായ ഫലങ്ങൾ			
അനന്തര ഫലങ്ങൾ	**പ്രത്യക്ഷം / പരോക്ഷം**	**താത്കാലികം / ശാശ്വതം**	**പ്രധാനം / അപ്രധാനം**
പ്രാദേശികമായിഗതാഗത സൗകര്യങ്ങൾ /സംവിധാനങ്ങൾ കൂടുതൽമെച്ചപ്പെടുന്നു	പ്രത്യക്ഷം	ശാശ്വതം	പ്രധാനം
ദേശീയ പാത 66ലെ തിരക്ക് വളരെയധികം കുറയ്ക്കാൻ സാധിക്കും	പ്രത്യക്ഷം	ശാശ്വതം	പ്രധാനം
യാത്രാ സമയലാഭം, ഇന്ധനലാഭം	പ്രത്യക്ഷം	ശാശ്വതം	പ്രധാനം
തൂവൽ തീരം ബീച്ചിലേക്കുള്ള വിനോദസഞ്ചാരികളുടെ വരവ് സുഗമമാക്കുന്നു	പ്രത്യക്ഷം	ശാശ്വതം	പ്രധാനം

പദ്ധതി ബാധിതരുമായി നടത്തിയ ചർച്ചകളിൽ വളരെക്കുറച്ചുപേർ എത്രയും വേഗം ഭൂമി ഏറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി നഷ്ടപരിഹാരവും നൽകി ദുരിതം ഇല്ലാതാക്കണമെന്ന അഭിപ്രായം ശക്തമായി ഉന്നയിച്ചു. ഏറ്റെടുക്കുകയാണെങ്കിൽ, നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കണമെന്നാണ് സാമൂഹ്യ ആഘാത പഠന സംഘത്തിൻെറ അഭിപ്രായം. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ പാതനിർമ്മാണം പ്രദേശത്തിൻെറയും ജില്ലയുടെയും പുരോഗതിയ്ക്ക് ആവശ്യമായതിനാൽ സാമൂഹ്യ വശങ്ങളും പാരിസ്ഥിതിക വശങ്ങളും കോർത്തിണക്കി ആഘാത ലഘൂകരണ നിർദ്ദേശങ്ങളും പാലിച്ച് പദ്ധതി ആവിഷ്കരിക്കണമെന്ന് പഠനസംഘം അഭിപ്രായപ്പെടുന്നു. മുൻ കരുതൽ നടപടികളിലൂടെ പദ്ധതിയുടെ ചിലവും ദോഷഫലങ്ങളും കുറയ്ക്കുകയും ചെയ്യണം.

1.8 പുനരധിവാസ / പുനഃസ്ഥാപനത്തിനുള്ള മാർഗ്ഗങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013 അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ ആഘാതം ലഘൂകരിക്കുവാൻ സാധിക്കുമെന്നാണ് പഠനത്തിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. ഭൂമിയിലും കാർഷിക സമ്പത്ത്, തെങ്ങ് മുതലായ ബാധിതരുടെ നഷ്ടങ്ങൾ നിയമം അനുശാസിക്കുന്ന പരിഹാരത്തിലൂടെ കൈകാര്യം ചെയ്യുവാൻ സാധിക്കും.

1.9 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെപ്പറയുന്നവയാണ്:

- ചിലർക്ക് നഷ്ടപ്പെടുന്നത് ഉപജീവനത്തിനുള്ള കാർഷീക വരുമാനമാണ്. അതിനാൽ മെച്ചപ്പെട്ട നഷ്ടപരിഹാരം നൽകണം.
- രോഗബാധിതരും പ്രായമേറിയവരുമായവരുടെ വസ്തുക്കൾ ഏറ്റെടുക്കുമ്പോൾ കൂടുതൽ മാനുഷീകപരിഗണന നൽകുക.
- മാർക്കറ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിർണ്ണയം.
- ഏറ്റെടുക്കലിനുശേഷമുള്ള സ്ഥലത്ത് നിർമ്മാണത്തിൽ റോഡിൽനിന്നുള്ള നിയതിത അകലത്തിൽ ഇളവ് നൽകുക
- പറഞ്ഞതിൽകൂടുതൽ സ്ഥലമെടുത്തു. ഇതിനുമുൻപ് ഏറ്റെടുത്തപ്പോൾ വളരെക്കുറഞ്ഞ വിലയാണു നൽകിയത്. പരമാവധി ഉയർന്ന വില നൽകണം.
- പാലത്തിൻെറ അടിയിലൂടെ റോഡ് നിർമ്മിച്ചാൽ പാലത്തിൻെറ വലതുവശത്ത് ഭൂമി ഏറ്റെടുക്കേണ്ട ആവശ്യമില്ല എന്നു ഒരു ബാധിതൻ വ്യക്തമാക്കി
- തീരദേശ പാതക്കുവേണ്ടി ഫറോക്കിലും വീടും ഭൂമിയും നഷ്ടമാകുന്നുണ്ട്. ഇനി എവിടെ ജീവിക്കും.

അദ്ധ്യായം 2
പദ്ധതിയുടെ വിശദമായ വിവരണം

2.1 പദ്ധതിയും പൊതു താത്പര്യവും

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. താനൂരുനിന്നും കെട്ടുങ്ങൽപാലം കടന്ന് പരപ്പനങ്ങാടിയിലേക്കുള്ള റോഡിലാണിത്. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്കും നിത്യേനയെന്നോണം നിരത്തിലെ വാഹനങ്ങളുടെ എണ്ണവും പരിഗണിക്കുമ്പോൾ ഈ തീരദേശ പാത ഏറ്റവും അനിവാര്യമായ ഒന്നാണ്. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ പാതക്കു 630 കി.മി നീളമുണ്ട്. 9 ജില്ലകളിൽകൂടി (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ഏർണാകുലം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്) ഇത് കടന്നുപോകുന്നു. ദേശീയ പാതയിലെ തിരക്കുകുറക്കുക എന്നതാണു തീരദേശ പാത കൊണ്ടുദ്ദേശിക്കുന്നത്

14 സർവേ നമ്പറുകളിൽനിന്നായി 88.20 ആർസ് ഭൂമിയാണു പുതുതായി ഏറ്റെടുക്കുവാനുദ്ദേശിക്കുന്നത്. തീരദേശ പാത റീച്ച്-3 ന്റെ നിർമ്മാണച്ചുമതല നൽകിയിരിക്കുന്നത് കേരള റോഡ് ഫണ്ട് ബോർഡിനാണ് (KRFB). ഭൂമി ഏറ്റെടുത്ത് നൽകുന്നതിനായി സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബിയെ ചുമതലപ്പെടുത്തിയിരിക്കുന്നു.

2.2 പദ്ധതി പ്രദേശം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. തനൂർ നഗരസഭാപരിധിയിൽ ഒന്നാം വാർ ഡിൽപ്പെടിന്ന സ്ഥലമാണിത്. ഏകദേശം 88.20 ആർസ് ഭൂമിയാണു ഏറ്റെടുക്കാനുള്ളത്.



3.3 പദ്ധതിപ്രദേശത്തിൻെറ വലിപ്പവും സ്വഭാവവും

മൊത്തം ആവശ്യമുള്ള ഭൂമി ഏകദേശം 88.20 ആർസ് തിരൂർ താലുക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ ആവശ്യം. തെങ്ങുകൃഷി പ്രദേശങ്ങൾ ചേർന്ന സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി.



ഏറ്റെടുക്കുന്ന ഭൂമിയുടെ രൂപരേഖ

പട്ടിക No.1.1 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി		
സർവ്വെ നമ്പർ	വില്ലേജ്: പരിയാപുരം	ഏരിയ
4/2, 4/3, 4/4, 4/5, 4/10, 4/11, 4/12, 4/13, 4/14, 4/16, 4/17, 4/18, 4/19, 8/17		About 88.20 Ares

Table No. shows the details of Survey Numbers (14 nos.) of land required for acquisition.

2.4 സാദ്ധ്യയുള്ള ഇതര പ്രദേശങ്ങൾ

ഇതര സാദ്ധ്യതകളെക്കുറിച്ച് ബാധിതരായ പ്രദേശവാസികളോടും മുഖ്യവിവര ദാതാക്കളോടും തിരക്കി. പാലത്തിൻെറ അടിയിലൂടെ റോഡ് നിർമ്മിച്ചാൽ പാലത്തിൻെറ വലതുവശത്ത് സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല എന്നു ഒരു ബാധിതൻ വ്യക്തമാക്കി. തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള തീരദേശ പാതക്കു വേണ്ടിയുള്ള അലൈൻമെൻറ് ആയതിനാൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിയെക്കുറിച്ച് പൊതുവിൽ അഭിപ്രായ ഐക്യം ഉണ്ടെന്നുമാത്രമല്ല, ഇതര നിർദ്ദേശങ്ങൾ ഉണ്ടായിരുന്നതുമില്ല. നിലവിലുള്ള പാലത്തിനും വഴിക്കും ചേർന്നുള്ളതിനാലും 88.20 ആർസ് ഭൂമി മാത്രം ആവശ്യമായതിനാലും, ജനവാസ പാർപ്പിടങ്ങൾ ഇല്ലാത്തതിനാലും നിർദ്ദേശിച്ചിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം.

2.5 പ്രകൃതി ആഘാതത്തിൻെറ വിശദാംശങ്ങൾ

14 സർവേ നമ്പറുകളിൽ നിലവിലുള്ള കൃഷിയിടങ്ങളും താമസ സ്ഥലങ്ങളോടും ചേർന്ന ഏകദേശം 88.20 ആർസ് സ്ഥലമാണ് ഏറ്റെടുക്കുവാനുള്ളത്. തീരദേശ ഹൈവേയുടെ ഭാഗമായി 15.5 മീറ്റർ വിതിൽ റോഡും പാലവുമാണു നിർമ്മിക്കുന്നത്. ഈ പദ്ധതിയിൽ പരിസ്ഥിതിക്ക് ആഘാതമേൽക്കുന്ന ഒന്നുമില്ല. കാർഷിക സമ്പത്ത്, തെങ്ങ്, ചുറ്റുമതിൽ തുടങ്ങിയവ ഈ പ്രദേശത്തുണ്ട്. ശരിയായ രീതിയിൽ വെള്ളം ഒഴുകിപ്പോകുവാൻ സംവിധാനമുണ്ടാക്കിയാൽ ഒരു പരിധിവരെ പരിഹാരമായേക്കാം. പദ്ധതി നടപ്പാക്കുന്നവർ പദ്ധതി പ്രദേശത്തുള്ള വൃക്ഷലതാദികൾ പരമാവധി സംരക്ഷിച്ച് പരിസ്ഥിതിക്ക് അനുകൂലമായ നിർമ്മാണം ഉറപ്പുവരുത്തണം. ആവശ്യമായ ചാലുകൾ (ഡ്രൈനേജുകൾ) നിർമ്മിച്ച് നീരൊഴുക്ക് ക്രമീകരിക്കണം.

2.6 തൊഴിലാളികൾ

തൊഴിൽ നൈപുണ്യം ഉള്ളവരും അർദ്ധനൈപുണ്യം ഉള്ളവരും നൈപുണ്യം ഇല്ലാത്തവരുമായ വ്യത്യസ്ഥ വിഭാഗത്തിലുള്ള തൊഴിലാളികളെ ആധുനിക യന്ത്രങ്ങളുടെയും വ്യക്തമായ പ്ലാനുകളുടെയും സഹായത്തോടെ ശാക്തീകരിച്ച് നിമ്മാണം മികവുറ്റതാക്കാം.

2.7 അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ

അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ രൂക്ഷമായ ഒരു ആവശ്യം ഉദിക്കുന്നില്ല. ജനങ്ങൾക്കും വാഹനങ്ങൾക്കും തടസ്സമില്ലാത്ത വിധത്തിൽ നിർമ്മാണപ്രവർത്തനം നടത്തണം.

2.8 പ്രാബല്യത്തിലുള്ള നിയമങ്ങളും ചട്ടങ്ങളും

സാമൂഹ്യ – സാമ്പത്തിക ആഘാതത്തെക്കുറിച്ച് പ്രാബല്യത്തിലുള്ള ദേശീയ നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന വികസന പദ്ധതികളിൽ പ്രകൃതി വിഭവങ്ങളെയോ കാലവസ്ഥയെയോ ഉപജീവനത്തെയോ പൊതു ആരോഗ്യത്തെയോ സുരക്ഷയെയോ പ്രതികൂലമായി ബാധിക്കുന്നില്ലെന്ന് പദ്ധതിയുടെ ഉപജ്ഞാതാവ് ഉറപ്പുവരുത്തണം. ഈ നൈയാമിക നിലപാട് സാമൂഹ്യ ആഘാത പഠനത്തിൻെറ പ്രാധാന്യം വർദ്ധിപ്പിക്കുകയും ഈ പദ്ധതി സുസ്ഥിരമായ ഒന്നാക്കുവാനും ആവശ്യപ്പെടുന്നു. പ്രസ്തുത പദ്ധതിയ്ക്കുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയയെ ബാധിക്കുന്ന നിയമ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ (കേരള) 2015

- കേരള സർക്കാർ – നികുതി വിഭാഗം – ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള സംസ്ഥാന നയങ്ങൾ
- വിവരാവകാശ നിയമം 2005
- ഭിന്നശേഷിക്കാരുടെ അവകാശ നിയമം 2016
- തീരദേശ മേഖല നിയന്ത്രണ നിയമം 2011 (Costal Zone Regulation Act-2011)

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ആക്റ്റ് (Right to Fair Compensation and Transparency in Land Acquisition, Resettlement and Rehabilitation Act - RFCTLARR) 2013

കേന്ദ്ര നിയമം അദ്ധ്യായം 4, വകുപ്പ് 11: പൊതു ആവശ്യത്തിനായി ഏതെങ്കിലും മേഖലയിൽ ഭൂമി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടാൽ അതിൻെറ വിശദാംശങ്ങൾ ഔദ്യോഗിക വിജ്ഞാപനത്തിലും 2 വർത്തമാന പത്രങ്ങളിലും സർക്കാരിൻെറ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും പദ്ധതി ബാധിക്കുന്നവരെ അറിയിക്കേണ്ടതുമാണ്. വകുപ്പ് 4: ഭൂമി ഏറ്റെടുക്കുന്നതിന് മുൻപ് ബാധിത പ്രദേശത്തെ സ്വകാര്യഭൂമി, സർക്കാർ ഭൂമി, വഴികൾ, യാത്രാസൗകര്യങ്ങൾ, പ്രദേശ നിവാസികളുടെ ഉപജീവനമാർഗ്ഗം തുടങ്ങിയ പ്രധാനപ്പെട്ട വശങ്ങളെക്കുറിച്ച് സാമൂഹ്യ ആഘാത പഠനം നടത്തണം.

വകുപ്പ് 28, 29: ഭൂമി ആവശ്യമായ സ്ഥലങ്ങളിൽ ന്യായമായ നഷ്ടപരിഹാരം എത്രയും വേഗം താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നൽകണം:

- ആവശ്യമുള്ള സ്ഥലത്തിൻെറ വിസ്തീർണ്ണം
- കളക്ടറുടെ തീരുമാനമനുസരിച്ച് സ്ഥലത്തിൻെറ വില
- ഭൂമിയുടെയും കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും വില
- ഭൂമി ഏറ്റെടുക്കുന്നതുവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ
- ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയയിൽ ഉണ്ടാകുന്ന നഷ്ടങ്ങൾ
- താമസവും തൊഴിൽ സ്ഥലങ്ങളും മാറുമ്പോൾ ഉടമസ്ഥർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾ
- ആദായ നഷ്ടം
- നഷ്ടപരിഹാരം
- സാമൂഹ്യ ആഘാത പഠനം പ്രസിദ്ധീകരിക്കുന്ന സമയം മുതൽ ഭൂമി വിലയുടെ 12% നിരക്കിന് പലിശ

സാമൂഹ്യ ആഘാത പഠനം നടത്തി ആഘാതം ലഘൂകരിക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർദ്ദേഷ്ടാവ് തയാറാക്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിൽ നിയമം അനുശാസിക്കുന്നവ പാലിക്കുവാൻ പദ്ധതി നിർദ്ദേഷടാവ് ബാധ്യസ്ഥനാണ്.

അദ്ധ്യായം 3
സാമൂഹ്യ ആഘാത പഠനസംഘം, പഠനസമീപനം, പഠനരീതി.

3.1 ആമുഖം

സർക്കാർ ഉത്തരവ് (4/1) GO. No. 980/2023 (Vol. XI,) തിരുവനന്തപുരം തിയതി 17 മാർച്ച് 2023, അടിസ്ഥാനമാക്കി മലപ്പുറം ജില്ലാ ഭരണകൂടം File No. DCMPM/249/2021-LA4, മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ തീരദേശ പാത റീച്ച്-3 പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടക്കൽ സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുവാൻ ഇരിട്ടി (കണ്ണൂർ) ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജിനെ ചുമതലപ്പെടുത്തി. പദ്ധതി ബാധിത വ്യക്തികളുടെയും ഭൂമികളുടെയും പട്ടിക തയ്യാറാക്കി സാമൂഹ്യ ആഘാതം മനസ്സിലാക്കി അത് കൈകാര്യം ചെയ്യുവാനുള്ള രൂപരേഘ തയ്യാറാക്കുകയുമാണ് പഠനത്തിൻെറ ലക്ഷ്യം. പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രഥമവും ദ്വിദീയവും ആയ ശ്രോതസ്സുകളിൽ നിന്നും ബാധിതരാകുന്ന വ്യക്തികളിൽ നിന്നും വിശദമായ ഒരു സാമ്പത്തിക - സാമുഹ്യ സർവേ മുഖേന പഠനസംഘം വിവരങ്ങൾ ശേഖരിച്ചു.

3.2 സാമൂഹ്യ ആഘാത പഠന സംഘം

4 പേർ അടങ്ങുന്ന സംഘമാണ് സ്ഥലം ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള സാമൂഹ്യ ആഘാത പഠനം നടത്തിയത്. സാമൂഹ്യപ്രവർത്തനത്തിലും (MSW), ബിസ്സിനസ്സ് മാനേജുമെൻറിലും ബിരുദാനന്തരബിരുദവും(MBA) ദീർഘകാലത്തെ അനുഭവസമ്പത്തുള്ളതുമായ സംഘത്തിൻെറ ഡയറക്ടർ ഡോൺ ബോസ്കോ ആർട്സ് ഏൻറ് സയൻസ് കോളേജ് (കണ്ണൂർ) സാമൂഹ്യ പ്രവർത്തന വിഭാഗം മേധാവിയാണ് (HoD). സംഘത്തിൻെറ കോഡിനേറ്റർക്ക് സോഷ്യൽ വർക്കിൽ എം.ഫി ൽ. (MSW, M.Phil) ബിരുദവും സാമൂഹ്യപരമായ ഗവേഷണത്തിലും പദ്ധതി ആസൂത്രണത്തിലും നടപ്പാക്കുന്നതിലും ദശാംബ്ദങ്ങൾ നീണ്ടുനിൽക്കുന്ന പരിചയമുണ്ട്. മറ്റ് സംഘാംഗങ്ങൾക്ക് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദവും അനുഭവസമ്പത്തുമുണ്ട്.

Table No. 3.1 സാമൂഹ്യ ആഘാത പഠന സംഘം

Sl. No.	Name	Qualification & Designation	Experience
1	Fr. Sojan Pnanchikala	Director	MSW, MBA with experience in Administrative, Academic and Developmental sector.
2	Sebastian KV	MSW, M. PHIL Team Leader, SIA Unit	25 years experience in Development Sector
3	Lissy Cyriac	MSW, Research Associate.	25 years experience in development sector
4	Nimal	MSW, Research Associate.	8years experience in development sector

3.3 പഠന പ്രക്രിയ

ഭൂമി ഏറ്റെടുക്കലിനുവേണ്ടിയുള്ള ഡെപ്യൂട്ടി കളക്ടറിൻെറയും മറ്റ് സ്റ്റാഫ് അംഗങ്ങളുടെയും സഹായത്തോടെയും സ്പെഷ്യൽ തഹസിൽദാർ (കിഫ്ബി-എൽ.എ) തിരൂർ, തുടങ്ങിയവരിൽനിന്നുമായി ലഭിച്ച വിവരങ്ങളും രേഖാചിത്രമനുസരിച്ചും പഠനസംഘം ബാധിത പ്രദേശം മനസ്സിലാക്കി. വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിനുമുൻപ് സ്ഥലം സന്ദർശിക്കുകയും പ്രാഥമിക പഠനം നിർവ്വഹിക്കുകയും ചെയ്തു. മുൻകൂട്ടി തയ്യാറാക്കിയ ഒരു സർവേഫോം മുഖേനയാണ് പദ്ധതി ബാധിതരിൽ നിന്നും വിവരങ്ങളും പ്രതികരണങ്ങളും ശേഖരിച്ചത്. താനൂർ നഗരസഭാധ്യക്ഷൻ, വാർഡ്കൗൺസിലർമാർ മുതലയവരും ആവശ്യാനുസരണം സഹായിച്ചു. സ്പെഷ്യൽ തഹസിൽദാർ ഓരോ സന്ദർഭങ്ങളിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി. ദ്വിതീയ ശ്രോതസ്സുകളിൽനിന്ന് പദ്ധതിയുടെ ഭൗതിക, സാമുഹ്യ, സാമ്പത്തിക, സാംസ്കാരിക വശങ്ങളും മനസ്സിലാക്കി. പൂരിപ്പിച്ച സർവ്വേ ഫോമുകളിൽനിന്നും ലഭിച്ച വിവരങ്ങൾകൊണ്ട് ഡേറ്റബെയ്സ് ഉണ്ടാക്കി. കേന്ദ്ര നിയമം അനുശാസിക്കുന്ന മുഖ്യഘടകങ്ങൾക്കനുസൃതമായാണ് പ്രഥമ കരടുരേഖ തയ്യാറാക്കിയത്.

3.4 വിവര ശേഖരണവും രീതിയും

ക്വാണ്ടിറ്റേറ്റീവ്, ക്വാളിറ്റേറ്റീവ് മാർഗ്ഗങ്ങളുപയോഗിച്ചുള്ള പഠന രീതിയാണ് വിവരണ ശേഖരണത്തിനായി സ്വീകരിച്ചത്. ഇതുവഴി കൂടുതൽ സമഗ്രമായ വിവരങ്ങൾ ലഭിക്കുന്നു. പ്രധാനപ്പെട്ട മേഖലകളൊന്നും ഒഴിവാക്കാതെ ഇത് കൂടുതൽ പൂർണ്ണമായ ഫലം നൽകുന്നു (DEAT 2006). പദ്ധതി പ്രദേശത്തുള്ള ബാധിതരായ 13 കുടുംബങ്ങളുടെയും ഉടമസ്ഥരും ഒരു സ്ഥപനത്തിൻെറയും ആശ്രിതരുമായി അഭിമുഖം നടത്തി. ഇവരുടെ പ്രതിനിധികളിൽനിന്നും പ്രസക്തമായ വിവരങ്ങൾ ശേഖരിച്ചു. വിവരങ്ങൾ ശേഖരിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ പ്രാപ്തിയുള്ളവരാണ് വിവരശേഖരണം നടത്തിയത്. പദ്ധതി പ്രദേശത്തല്ലാതെ മറ്റിടങ്ങളിൽ താമസിക്കുന്നവരുമായി ബന്ധപ്പെടുക വളരെ ബുദ്ധിമുട്ടായിരുന്നു.

പ്രദേശത്തെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, സാമൂഹ്യ-രാഷ്ട്രീയ പ്രമുഖർ, തുടങ്ങിയവരിൽനിന്നും ഔദ്യോഗികവും അനൗദ്യോഗികവുമായ ചർച്ചകളിലൂടെ വിലപ്പെട്ട അഭിപ്രായങ്ങളും പ്രതികരണങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ചു, പ്രദേശത്തെ പശ്ചാത്തലവും പരിസ്ഥിതിയും മനസ്സിലാക്കി. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിച്ച വിവരങ്ങൾ അപഗ്രഥിച്ച് ക്രോഡീകരിച്ച് സംക്ഷിപ്തമായി താഴെയുള്ള അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചിരിക്കുന്നു.

പ്രദേശത്തിൻെറയും ആഘാത പഠനത്തിൻെറയും നിശ്ചല ചിത്രങ്ങൾ

Discussion deputy Collector LA and Special Tahasildar KIIFB

ബാധിതമാകുന്ന മതിൽ

ബാധിതമാകുന്ന ഭൂമി

ബാധിതമാകുന്ന ഭൂമി

3.5 സ്ഥല സന്ദർശനവും വിവര ശേഖരണവും

2023 മാർച്ച് 22 മുതൽ ഏപ്രിൽ 13 വരെ സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി പ്രദേശം സന്ദർശിച്ച് പദ്ധതി ബാധിതരും പദ്ധതിയുമായി ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി വിവരങ്ങൾ ശേഖരിച്ചു.

പൊതുചർച്ച (Public hearing)

3.6 പൊതു ചർച്ചയുടെ സംക്ഷിപ്ത രൂപം

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ സംബന്ധിച്ച് കണ്ണൂർ ഡോൺബോസ്കോ ആർട്സ് ആൻറ് സയൻസ് കോളേജ് നടത്തിയ സാമൂഹ്യ ആഘാത പഠനത്തിൻെറ ഭാഗമായുള്ള പൊതുചർച്ച 2023 ഏപ്രിൽ 3 നു രാവിലെ 11.00 മണിക്ക് താനൂർ പി. ഡബ്ല്യു. ഡി. വിശ്രമ മന്ദിരത്തിൽവെച്ച് നടന്നു. ചർച്ചയിൽ ഭൂമി ഏറ്റെടുപ്പ് ഉദ്ധ്യോഗസ്ഥനായ സ്പെഷ്യൽ തഹസിൽദാർ, നടത്തിപ്പ് ഏജൻസിയായ കെ ആർ. എഫ് .ബി. ഉദ്ധ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

സന്നിഹിതരായിരുന്ന അധികാരികൾ താഴെപ്പറയുന്നവരാണ്

1. Mr.P.P. Shamsuddeen, Chairman Thanur Municipality
2. Mr. K.P. Nizamuddeen Thahir, Ward Councillor-, Thanur Municipality
3. Mr.basheer V P, Ward councillor, Thanur Municipality
4. Mr. V P. Raghumani, Special Tahasildar, LA (KIIFB)
5. Mr. Saleem M, A.E. KRFB, Malapuram
5. Mr. Shuhaib N. SS KRFB, Malapuram
6. Mr. Vinodkumar V, P Taluk Office
8. Mr. Nimil Thomas, SIA Unit, Don Bosco Arts & Science College
9. Mr. K. V. Sebastian, Coordinator, SIA Unit, Don Bosco Arts & Science College, Kannur

സന്നിഹിതരായിരുന്ന മുഴുവൻ പേരുടെയും പട്ടിക അനുബന്ധത്തിൽ ലഭ്യമാണ്.

SIA Coordinator explaining the study findings

ചർച്ചയിൽ അധികാരികളടക്കം 9 പേരും ബധിതരും അവരുടെ പ്രതിനിധികളുമായി 12 പേരും പങ്കെടുത്തു. ചർച്ചയിൽ പങ്കെടുക്കാനെത്തിയ മുഴുവൻ പേരെയും എസ്. ഐ. എ യൂണിറ്റിൻെറ പേരിൽ സ്വാഗതം

പറഞ്ഞുകൊണ്ട് കോർഡിനേറ്റർ ശ്രീ. കെ. വി സെബാസ്സ്റ്റ്യൻ, ചർച്ചയുടെ ലക്ഷ്യങ്ങളും നടപടികളും വിശദീകരിച്ചതിനുശേഷം സാമൂഖ്യ ആഘാത പഠനത്തിലെ കണ്ടെത്തലുകളും ബാധിതർ മുന്നോട്ട് വെച്ച അഭിപ്രായങ്ങളും വായിച്ച് നഗരസഭാധ്യക്ഷനെ ചർച്ചയുടെ അധ്യക്ഷനായി ക്ഷണിച്ചു.

പി.പി. ഷംസുദ്ദീൻ, നഗരസഭാദ്ധ്യക്ഷൻ

നഗരസഭാധ്യക്ഷൻ ശ്രീ പി.പി. ഷംസുദ്ദീൻ തൻെറ അധ്യക്ഷപ്രസംഗത്തിൽ നഗരസഭാപരിതിയിലെ വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണെന്ന് അഭിപ്രായപ്പെട്ടു. തീരദേശ ഹൈവേ വരുന്നതോടുകൂടി വാഹനങ്ങൾക്കു സുഖമമായി കോഴിക്കോട് ഭാഗത്തേക്ക് കടന്നുപോകാൻ സാധിക്കുമെന്നും അഭിപ്രായപ്പെട്ടു. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ പദ്ധതിക്കുവേണ്ട ഭൂമി നഗരസഭ/ അന്നത്തെ പഞ്ചായത്ത് മുഖന്തിരം ഏറ്റെടുത്ത് നൽകിയിരുന്നു. അന്ന് ഭൂമി ഏറ്റെടുത്തത് വളരെ കുറഞ്ഞ വിലക്കണെന്നും ഇപ്പോൾ ഊയർന്ന വില ലഭിക്കേണ്ടതുണ്ടെന്നും വ്യക്തമാക്കി. അന്ന് സെൻറിനു 50000/- രൂപവെച്ചാണു നൽകിയത്. ഇപ്പോൾ വീണ്ടും എന്തിനാണു ഭൂമി ഏറ്റെടുക്കന്നതെന്ന് ജനങ്ങൾക്ക് അറിയൻ ആഗ്രഹമുണ്ടെന്നും പറഞ്ഞു. ബാധിതരായ എല്ലാവരുടെയുംപ്രശ്നങ്ങൾ മനസിലാക്കി പരമാവധി നഷ്ടപരിഹാരവും മറ്റ് പാക്കേജുകളും ലഭിക്കാൻ കൂടെയുണ്ടാകുമെന്നും വ്യക്തമാക്കി.

വാർഡ് കൗൺസിലർമാർ

ചർച്ചയിൽ പങ്കെടുത്ത വാർഡ് കൗൺസിലർമാരെല്ലാവരും സമ്പൂർണ്ണമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ പറയുകയും ചെയ്യു. ബാധിതരയ എല്ലാവർക്കും നല്ല പക്കേജുകളും

നഷ്ടപരിഹാരങ്ങളും നൽകണമെന്നാവശ്യപ്പെട്ടു. പുതുതായി ഏറ്റെടുക്കുന്ന സ്ഥലത്തിനും അതിലെ വസ്തുക്കൾക്കും പുതിയ നിയമപ്രാകരം നല്ല വില കിട്ടണം എന്ന് വാർഡ് കൗൺസിലർ ശ്രീ നിസാമുദ്ദീൻ അവശ്യപ്പെട്ടു. ഭൂമിയും വസ്തുക്കളും നഷ്ടപ്പെടുന്ന ബാധിതർക്ക് എല്ലകാര്യങ്ങളും അറിയുവാൻ അവകാശമുണ്ട്. സർക്കാർ എല്ലക്കാര്യങ്ങളും വ്യക്തമാക്കണമെന്ന് വാർഡ് കൗൺസിലർ ശ്രീ ബഷീർ ആവശ്യപെട്ടു.

Special Thahasildar explaining the process

നാടിന്റെ പുരോഗതി നഗരസഭയും സംസ്ഥാന സക്കാരും ഒരുപോലെ ആഗ്രഹിക്കുന്നുവെന്നും അതിനായി ജനങ്ങളുടെ സഹകരണം കിട്ടിയാൽ വളരെപ്പെട്ടെന്ന് ഈ സ്വപ്നം സഫലമാകുമെന്നും സാമൂഹ്യ ആഘാതം പഠനം പ്രാരംഭഘട്ടം മാത്രമാണെന്നും ഏറ്റെടുക്കൽ നടപടികൾ സർക്കാർ ഉത്തരവു വന്നതിനുശേഷം മാത്രമേ തുടങ്ങുകയുള്ളുവെന്നും സ്പെഷ്യൽ തഹസിൽദാർ വ്യക്തമാക്കി. വില നിശ്ചയിക്കുന്ന രീതി വിശദീകരിച്ചു. ഈ പ്രദേശത്തിന്റെ 3 കിലോമീറ്റർ പരിധിക്കുള്ളിലെ കഴിഞ്ഞ 3 വർഷങ്ങലിലെ ഏറ്റവും ഉയർന്ന വിലകളുടെ ശരാശരി കണ്ട് അതിന്റെ ഇരട്ടിയും, കാലതാമസമുണ്ടകുന്നതിനു 12 ശതമാനം പലിശയും ചേർത്താണു നഷ്ടപരിഹാരം കണക്കാക്കുന്നതെന്നു പറഞ്ഞു. ഇതെ സ്വഭാവമുള്ള വസ്തുവുമായി താരതമ്യപ്പെടുത്തിയാണു വില കണക്കാക്കുന്നത്. 2013 ലെ പുതിയ നിയമവും 2105ലെ കേരള നിയമവും അനുസരിച്ചാണ് ഭൂമി ഏറ്റെടുക്കുന്നത്. 2013ലെ പുതിയ നിയമനുസരിച്ചുള്ള നഷ്ടപരിഹാരം എല്ലാവർക്കും ലഭിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഭൂമി ഏറ്റെടുക്കൽ രേഖകൾ കൈമാറുന്ന അന്നുതന്നെയോ, പിറ്റേന്നോ നഷ്ടപരിഹാരത്തുക കൈപ്പറ്റാൻ സാധിക്കുമെന്നു അദ്ദേഹം ഉറപ്പുനൽകി. ബാധിതരുടെ ബുദ്ധിമുട്ടുകളും വേദനയും പരിഗണിച്ച് വളരെ ശാസ്ത്രീയമായാണ് നഷ്ടപരിഹാരം കണക്കാക്കുന്നതെന്നും വ്യക്തമാക്കി. ഏറ്റെടുക്കുന്ന ഭൂമിയിൽ നേരത്തെ പഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയും ഉൾപ്പെടുന്നുണ്ട്. അത് ഒഴിവാക്കിയാവണം അധികമായി ഏറ്റെടുക്കേണ്ടുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തി വില നൽകുക.

Section Engineer explainining the technical details

ഏറ്റെടുക്കുന്ന ഭൂമിയുടെ അലൈന്മെൻറും പാലത്തിൻെറ രൂപരേഖയും കെ ആർ. എഫ്. ബി. സെക്ഷൻ ഇഞ്ചിനീയർ വിവരിച്ചു. ഏറ്റെടുക്കുന്ന ഭൂമിയുടെ അലൈന്മെൻറും പാലത്തിൻെറ രൂപരേഖയും സെക്ഷൻ ഇഞ്ചിനീയർ വിവരിച്ചു. മേൽപ്പലത്തിൻെറ കിഴ്ക്കുഭാത്ത് രണ്ട് വശങ്ങളിലും സർവീസ് റോഡ് ഉണ്ടായിരിക്കുമെന്ന് പറഞ്ഞു. മൊത്തം 15.5 മീറ്റർ വീതിയാണെടുക്കുന്നത്. സവ്ീസ് റോഡീനു 5.5 മീറ്റർ വിതിയുണ്ട്. ഭാവിയിൽ ആവശ്യമായി വന്നാൽ കിഴ്ക്ക്ഭാഗത്ത് ഒരുപാലംകൂടി നിർമ്മിക്കേണ്ടിവരും. നിലവിലുള്ള പാലത്തിനു വീതി കുറവാണ്.

ക്ര.ന.	വ്യക്തി	ആശങ്ക
1	ലെത്തിഫ്	ഇതിനു മുൻപ് പഞ്ചായ്ത്തിനു സൗജന്യമയി ഭൂമി വിട്ടുകൊടുത്ത താണ്, ഗൾഫിൽ പോയി അദ്ധ്വാനിച്ചുണ്ടക്കിയ പണംകൊടുത്ത് വാങ്ങിയ ഭൂമിയാണിത്. നല്ല വില കിട്ടണം. അതിനായിട്ടാണു കോടതിയിൽ പോയതു.
2	സാബിർ	പഞ്ചയത്ത് ശരിക്കും ഞങ്ങളെ പറ്റിക്കുകയായിരുന്നു. നിയമപ്രകാരം എറ്റെടുത്ത് നിയമം അനുശാസിക്കുന്ന വില നൽകിയില്ല. ലത്തിഫിനു കൊടുക്കുന്ന വില ഞങ്ങൾക്കു ലഭിക്കണം. നടപടിക്രമങ്ങളിൽ പക്ഷപാതം കാണിക്കരുത്.
3	അബുബക്കർ.	കടലിൽ പോയി മല്ലിട്ട് ജിവിക്കുന്നവരാണു. ഞങ്ങളുടെ വസ്തുക്കൾക്കു ശരിയായ വില ലഭിക്കണം. രണ്ട് നീതി പാടില്ല.
4	ഷാജ് (SRCM)	സ്ഥലം, മതിൽ, ഗെയ്റ്റ് പിന്നെ 10 തേക്കുകളുമാണു നഷ്ട്മായത്. എല്ലാത്തിനും ശരിയായ നഷ്ടപരിഹാരം ലഭിക്കണം

പൊതുചർച്ചയുടെ സംഗ്രഹം:

- ഭൂമി എറ്റെടുക്കൽ പൊതു ഉപയോഗത്തിനാണ് / പൊതു ആവശ്യത്തിനാണ്.
- നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം. മറ്റു ബദൽ മാർഗ്ഗങ്ങളില്ല
- പദ്ധതി ബാധിതരെല്ലാവർക്കും അവരുടെ ഭൂമി വിട്ടുനൽകാൻ സമ്മതമാണ്.
- യോജിച്ച നഷ്ടപരിഹാരം ആഘാതം ലഘൂകരിക്കും

പൊതുനിർദ്ദേശങ്ങൾ

- ന്യായമായ നഷ്ടപരിഹാരം
- ആദായമോ ഉപജീവനമാർഗ്ഗമോ നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരം
- പദ്ധതിയിൽ ഉൾപ്പെടാത്ത സ്ഥലം ഉപയോഗ ശൂന്യമാകുന്നെങ്കിൽ അതും ഏറ്റെടുത്ത് ന്യായമായ നഷ്ടപരിഹാരം നൽകുക
- ബാധിതരയ കുടുംബങ്ങളിൽ വലിയ ബുദ്ധിമുട്ടുകൽ നേരിടുന്നത് പരിഗണിച്ച് നഷ്ടപരിഹരം കണക്കാക്കുക.

ചർച്ചയുടെ സംഗ്രഹം:

നാടിൻെറ പുരോഗതി നഗരസഭയും സംസ്ഥാന സക്കാരും ഒരുപോലെ ആഗ്രഹിക്കുന്നുവെന്നും അതിനായി ജനങ്ങളുടെ സഹകരണം കിട്ടിയാൽ വളരെപ്പെട്ടെന്നു ഈ സ്വപ്നം സഫലമാകുമെന്നു നഗരസഭ നഗരസഭാധ്യക്ഷൻ വ്യക്തമാക്കി. സാമൂഹ്യ ആഘാതം പഠനം പ്രാരംഭഘട്ടം മാത്രമാണെന്നും ഏറ്റെടുക്കൽ നടപടികൾ സക്കാർ ഉത്തരവു വന്നതിനുശേഷം മാത്രമേ തുടങ്ങുകയുള്ളു. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൽ നേരിട്ട് ബാധിതരകുന്ന 14 പേരാണുള്ളത്. ചർച്ചയിൽ 10 അധികാരികളും 12 ബാധിതരും പങ്കെടുത്തു. 12.30നു ചർച്ച അവസാനിച്ച.തയി അദ്ധ്യക്ഷൻ പ്രഖ്യാപിച്ചു.

അദ്ധ്യായം 4
ഭൂമിയുടെ മൂല്യനിർണ്ണയം

4.1 പശ്ചാത്തലം

സാമൂഹ്യ ആഘാത പഠന സംഘം പദ്ധതി ബാധിക്കുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും സാമൂഹ്യ-സാമ്പത്തിക സർവേ മുൻകൂട്ടി തയ്യാറാക്കിയിരുന്ന ചോദ്യാവലി ഉപയോഗിച്ച് 2023 മാർച്ച്-ഏപ്രിൽമാസത്തിൽ പഠനം നടത്തി. കുടുംബാംഗങ്ങളെയും ഭൂമിയെയും വസ്തുവകകളെയും തൊഴിലിനെയും പദ്ധതി എത്ര മാത്രം ബാധിക്കുമെന്ന് സർവ്വേ വെളിപ്പെടുത്തി. അതിൻെറ വിശദാംശങ്ങൾ താഴെ കൊടുത്തിടുണ്ട്.

4.2 പദ്ധതി ബാധിക്കുന്ന പ്രദേശങ്ങൾ

മലപ്പുറം ജില്ലയിൽ തിരൂർ താലുക്കിലെ പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. ഏകദേശം 88.20 ആർസ് ഭൂമിയാണു ഏറ്റെടുക്കാനുള്ളത്. താനൂർ നഗരസഭപരിധിയിലെ 1൦ം വാർഡിൽപ്പെട്ട പ്രദേശമാണിത്.

4.3 സ്ഥലത്തിൻെറ രൂപരേഖ

നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കലിൻെറ രൂപരേഖ.



പദ്ധതി രൂപരേഖ

4.4 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി

പട്ടിക No.1.1 പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി		
സർവ്വെ നമ്പർ	വില്ലേജ്: പരിയാപുരം	ഏരിയ
4/2, 4/3, 4/4, 4/5, 4/10, 4/11, 4/12, 4/13, 4/14, 4/16, 4/17, 4/18, 4/19, 8/17		About 88.20 Ares

പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 നിർമ്മിക്കുന്നതിനുവേണ്ടി നിർമ്മാണത്തിനായി 88.20 ആർസ് ഭൂമിയാണു ഏറ്റെടുക്കുന്നത്

4.5 പൊതുഭൂമിയുടെ ഉപയോഗം

ഏറ്റെടുക്കുവനുദ്ദേശിക്കുന്ന സ്ഥലത്ത് പൊതു ഭൂമികളില്ല. നിലവിലുള്ള റോഡിനോഡും പാലത്തിനൊടു ചേർന്ന ഭൂമിയാണിത്.

4.6 വാങ്ങിച്ച ഭൂമി

ഇപ്പോൾ ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന സ്ഥലത്ത് ഇതേ ബാധിതരിൽ ചിലരിൽനിന്ന് മുൻപഞ്ചായത്ത്/നഗരസഭ പദ്ധതിയ്ക്കായി വാങ്ങിയ ഭൂമിയുണ്ട്

ക്ര.ന,	പേര്.	സർ വേ നമ്പർ	ഭൂമി അളവ് (സെൻറ്)
1	മുജീബ് റഹ്മാൻ, നെച്ചിയങ്ങൽ	4/10	0.3458
2	സാഹിറബാനു നെച്ചിയങ്ങൽ	4/12	2.5441
3	ഹിള്ർ നെച്ചിയങ്ങൽ	4/16	13.2145
4	മുഹമ്മദ്കുട്ടി ആണ്ടിക്കടവത്ത്	4/13	3.952
5	സെയ്ത്മുഹമ്മദ് ആണ്ടിക്കടവത്ത്	4/14	5.3846
6	അബുബക്കർ മമ്മാലിൻെറപുരക്കൽ സിറാജ് മോൻ മമ്മാലിൻെറപുരക്കൽ	4/17	13.7579
7	ഹലീമ ആമിത്താനകത്ത്	4/4	1.0868
8	നെഫീസ ആമിത്താനകത്ത്	4/5	6.6443
9	മുനീർ വിക്കീരൻെറപുരയ്ക്കൽ	4/18	4.0014
10	അബുബക്കർ ചെറുപുരയ്ക്കൽ	4/19	19.3895
11	ജാഫർ പരീക്കടവത്ത് ഷിഹാബ്കുട്ടി പത്താച്ചിൻെറ പുരയ്ക്കൽ	4/2	1.9488
12	ലത്തീഫ് കുട്ട്യാമുൻെറപുരയ്ക്കൽ	4/3	17.982

4.7 പദ്ധതി പ്രദേശത്തെ ഭുമി ഇടപാടുകൾ

സ്ഥലത്ത് നടന്നിട്ടുള്ള ഭൂമി ഇടപാടുകളെക്കുറിച്ച് ഉടമസ്ഥർ നൽകിയ വിവരങ്ങളിൽ 14 എണ്ണത്തിലും ഇടപാടുകൾ നടന്നിട്ടില്ല.

അദ്ധ്യായം 5
മൂല്യനിർണ്ണയവും വിവരണവും

ഈ അദ്ധ്യായത്തിൽ ജീവനോപാധികൾ ബാധിക്കുന്നതും അതിൻെറ തീവ്രതയുമാണു പ്രതിപാതിക്കുന്നത്. ബാധിതമാകുന്ന വസ്തുവകകളുടെ വിവരങ്ങളും ഇവിടെ പ്രതിപാതിക്കുന്നു. കൂടാതെ ബാധിതമാകുന്ന വസ്തുക്കളുടെ വിലയിരുത്തലും ഇവിടെപ്പറയുന്നു. 8 സർവ്വേ നമ്പറുകളിൽ 17 കുടുംബങ്ങളുടെയും അവരുടെ അവകാശികളുടെയും 1 സർക്കാർ ഉടമസ്ഥതയില ലുമാണ് ഏറ്റെടുക്കേണ്ട ഭൂമി.

5.1 ബാധിക്കുന്ന ഭൂമി / ആസ്തി വിവരം

	പദ്ധതിയ്ക്ക് ആവശ്യമായ ഭൂമി വസ്തുക്കളുടെ വിവരങ്ങൾ				
SN	സർവ്വേ നം.		ഫോൺ	വസ്തുക്കളുടെ വിവരങ്ങൾ	ഭൂമിയുടെ അളവ്
1	4/2	Latheef Kuttikkammuntepurakkal Angadi	9895190500	തെങ്ങ്-20	99.9 cent
2	4/3	Ramsheed Vadakkarantepurakkal	8301843676	തെങ്ങ്-3	5 cent
3	4/3	Sulfath & Rahmathunnisa Greenvilla , Ottumpuram	9539838702	തെങ്ങ്- 4,	7 cent
4	4/4	Halima Amithanakath	9967530000 9061192834	തെങ്ങ്-10	14 cent
5	4/5	Nafeesa Amithanakath	9895052165	തെങ്ങ 25	35 cent
6	4/10	Mujeeb Nechiyengal	9846999171	തെങ്ങ്-3	1 ഏക്കർ
7	4/11	Saydmon & Ibrahim Moosantepurakkal	9778212341	തെങ്ങ്-25	40 cent
8	4/12	Sahirabanu Nechiyengal	9846999171	തെങ്ങ്-20	30 cent
9	4/13	Muhamadkutty Andikkadavath	9895578060	തെങ്ങ്-46	42.5 cent
10	4/14	Sydmuhammad Andikkadavath	9142872245	തെങ്ങ്-12	52 cent
11	4/16	Hilar Nechiyengal	9846286085	തെങ്ങ്-20	25 cent
12	4/17	Basheer Beerachntepurakkal	ഉൾപ്പെടുന്നില്ല		
13	4/18	Sirajuddeen (Safoora-late) Mammalintepurakkal Edakkara kadapuram	9539783705	തെങ്ങ്-12	15 cent
14	4/19	Abubakkar Cherupurakkal Yunus Cherupurakkal Jafar Pareekkadavath	9995633573	തെങ്ങ്-50	14 cent
15	8/17	Sree Ramakrishna Asramam	9995890504	മതിൽ,ഗെയ്റ്റ്, തേക്ക്-10	2.72 ഏക്കർ

5.2 ബാധിതമാകുന്നതിൻെറ വ്യാപ്തി

പട്ടിക 5.2 ബാധിക്കുന്ന പ്രദേശത്തിൻെറ വ്യാപ്തി		
വ്യാപ്തി	സംഖ്യ	ശതമാനം
പൂർണ്ണമായി ബാധിക്കുന്നവ	1	7.1
ഭാഗികമായി ബാധിക്കുന്നവ	13	92.9
മൊത്തം	14	100

ഭൂമി എറ്റെടുക്കൽ ബാധിക്കുന്ന പ്രദേശത്തിൻെറ വ്യാപ്തി പട്ടിക 5.2 അവതരിപ്പിക്കുന്നു – 14 ഭൂമികളിൽ 1 എണ്ണം പൂർണ്ണമായും 13 എണ്ണം ഭാഗികമായും.

5.3 ഭൂമിയുടെ ഉടമസ്ഥാവകാശം

സാമൂഹ്യ ആഘാത പഠനം നടത്തുന്ന ഏകദേശം 88.20 ആർസ് ഭൂമിയിൽ 14 ഭൂമികൾ സ്വകാര്യ ഭൂമിയാണ്.

പട്ടിക 5.3 ഭൂമിയുടെ ഉടമസ്ഥാവകാശത്തിൻെറ തരം	
ഉടമസ്ഥാവകാശത്തിൻെറ തരം	സംഖ്യ
പരമ്പരാഗതം	6
വാങ്ങിച്ചു	8
ആകെ	14

പട്ടിക 5.3 ഭൂമിയുടെ ഉടമസ്ഥാവകാശം കൈവന്ന രീതി വ്യക്തമാക്കുന്നു: 7 പരമ്പരാഗതമായി ലഭിച്ചത്, 9 എണ്ണം വാങ്ങിച്ചവ. ബാധകമല്ല 1.

5.4 ഭൂമിയുടെ പട്ടയം/രേഖകൾ

ഭൂവുടമകളിൽനിന്നും ലഭിച്ച വിവരങ്ങൾ പ്രകാരം, 14 ഭൂമികൾക്ക് പൂർണ്ണമായോ ഭാഗികമായോ പട്ടയമുണ്ട്.

5.5 പദ്ധതി പ്രദേശത്തെ ഭൂമിയുടെ ഉപയോഗം

പട്ടിക 5.5 പദ്ധതി പ്രദേശത്തെ നിലവിലത്തെ ഭൂമിയുടെ ഉപയോഗം	
ഇനം	സംഖ്യ
സ്ഥലവും തെങ്ങും	13
മതിലും ഗെയ്റ്റും തേക്ക്	1
മൊത്തം	14

പട്ടിക 5.5 പദ്ധതി ഭൂമിയുടെ നിലവിലുള്ള ഉപയോഗം സൂചിപ്പിക്കുന്നു. 14 ഭൂമികളിൽ 13 ഭൂമിയും തെങ്ങു കൃഷിയുമായി . 9 എണ്ണം മതിലും ഗെയ്റ്റും തേക്ക്

5.6 ഉടമസ്ഥതയിൽ വേറെ ഭൂമി

ബാധിതർക്ക് വേറെ ഭൂമിയുണ്ടോ എന്ന ചോദ്യത്തിന് 14 പേര് വേറെ ഭൂമിയുണ്ടെന്നു മറുപടി നൽകി.

അദ്ധ്യായം – 6
സാമൂഹ്യ – സാമ്പത്തിക രൂപരേഖ

6.1 ആമുഖം

പദ്ധതി പ്രദേശത്തുള്ള കുടുംബങ്ങളുടെ സമൂഹ്യ, സാമ്പത്തിക, സംസ്കാരിക നിലവാരമാണ് ഈ അദ്ധ്യായം വിവരിക്കുന്നത്. ജനസംഖ്യയുടെ വിശദാംശങ്ങൾ, ജനങ്ങളുടെ സാമൂഹ്യജീവിതം മുതലായവും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

6.2 കുടുംബങ്ങളുടെ വിശദാംശങ്ങൾ/ബാധിതരായ ജനസംഖ്യ

	ബാധിതരായ ജനസംഖ്യ					
SN	സർവ്വേ നം.		ഫോൺ	പുരുഷൻ	സ്ത്രീ	ആകെ
1	4/2	Lathif Kuttikkammuntepurakkal Angadi	9895190500	4	7	11
2	4/3	Ramsheed Vadakkarantepurakkal	8301843676	3	2	5
3	4/3	Sulfath & Rahmathunnisa Greenvilla , Ottumpuram	9539838702	2	4	6
4	4/4	Halima Amithanakath	9061192834	5	6	11
5	4/5	Nafeesa Amithanakath	9895052165	9	7	16
6	4/10	Mujeeb Nechiyengal	9846999171	4	2	6
7	4/11	Saydmon & Ibrahim Moosantepurakkal	9778212341	10	5	15
8	4/12	Sahirabanu Nechiyengal	9846999171	2	3	5
9	4/13	Muhamadkutty Andikkadavath	9895578060	4	2	6
10	4/14	Sydmuhammad Andikkadavath	9142872245	2	1	3
11	4/16	Hilar Nechiyengal	9846286085	2	4	6
12	4/17	Basheer Beerachntepurakkal	ഉൾപ്പെടുന്നില്ല			
13	4/18	Sirajuddeen (Safoora-late) Mammalintepurakkal Edakkara kadapuram	9539783705	8	4	12
14	4/19	Abubakkar Cherupurakkal Yunus Cherupurakkal Jafar Pareekkadavath	9995633578	2	2	4
15	8/17	Aasramam	9995890504	00	00	00
		ആകെ		**57**	**49**	**106**

പട്ടിക 6.1 കുടുംബാംഗങ്ങളുടെ വിശദാശംങ്ങൾ അവതരിപ്പിക്കുന്നു. 13 കുടുംബങ്ങളിലെ 57 പുരുഷന്മാരും 49 സ്ത്രീകളുമായി ആകെ 106 അംഗങ്ങളെയാണ് പദ്ധതി പ്രത്യക്ഷമായി ബാധിക്കുന്നത്.

6.3 പ്രതിമാസ വരുമാനം

പട്ടിക 6.2 പ്രതിമാസ വരുമാനം		
പ്രതിമാസ വരുമാനം	സംഖ്യ	ശതമാനം
10000 ത്തിന് താഴെ	5	58.8
11000 – 20000	5	5.9
21000 – 30000	2	11.8
മറുപടി നൽകിയില്ല	1	17.6
ബാധകമല്ല	1	5.9
ആകെ	14	100.0

ഭൂവുടമകളുടെ പ്രതിമാസവരുമാനമാണ് പട്ടിക 6.2 വ്യക്തമാക്കുന്നത്. 14 ഭൂവുടമകളിൽ 5 പേരുടെ പ്രതിമാസ വരുമാനം 10000 രൂപയിൽ താഴെയാണ്. 5 ആളുടേത് 11000 രൂപയ്ക്കും 20000 രൂപയ്ക്കുമിടയിലാണ്. 2 പേരുടെ പ്രതിമാസ വരുമാനം 20000 രൂപയ്ക്കും 30000 രൂപയ്ക്കുമിടയിലാണ്. 1 ആൾ മറുപടി നൽകിയില്ല. 1 എണ്ണം ബാധകമല്ല.

6.4 കുടുംബ വരുമാനത്തിന്മേലുള്ള ആഘാതം

ഭൂമി ഏറ്റെടുക്കൽ ഭൂവുടമകളുടെ പ്രതിമാസവരുമാനത്തെ എങ്ങനെ ബാധിക്കുമെന്ന് ചോദ്യത്തിന് ബാധിതരായ 18 പേരും അഭിപ്രായപ്പെട്ടത് അവരുടെ വസ്തുക്കൾ ഇല്ലാതാകുന്നതോടെ വരുമാനത്തിൽ കുറവുവരുമെന്നാണ്.

6.5 തൊഴിൽ / പ്രധാന വരുമാന മാർഗ്ഗം

പട്ടിക 6.4 പ്രധാന വരുമാന മാർഗ്ഗം	
സ്രോതസ്സ്	സംഖ്യ
മത്സ്യബന്ധനം	3
ക്ഷേമ പെഷൻ	3
ഗൾഫ്	1
കൃഷി	5
ബാധകമല്ല	1
സർക്കാർ ജോലി	1
മൊത്തം	14

പട്ടിക 6.4 ഭൂവുടമകളുടെ പ്രധാന വരുമാനമാർഗ്ഗം വിവരിക്കുന്നു. 14 ഭൂവുടമകളിൽ 3 ആളുടെ മുഖ്യ വരുമാന മാർഗ്ഗം മത്സ്യബന്ധനമാണ്. 3 പേരുടെ വരുമാന മാർഗ്ഗം ക്ഷേമ പെൻഷനാണ്. ഗൾഫ് 1, 5 പേർ കൃഷി, 1 സർക്കാർ ജോലി, 1 ബാധകമല്ല

6.6 റേഷൻ കാർഡിൻെറ തരം

പട്ടിക 6.5 റേഷൻ കാർഡിൻെറ തരം	
കാർഡിൻെറ തരം	സംഖ്യ
ദാരിദ്ര്യ രേഖയ്ക്കു മുകളിൽ	7
ദാരിദ്ര്യ രേഖയ്ക്കു താഴെ	6
ബാധകമല്ല	1
മൊത്തം	14

14 ഭൂവുടമകളിൽ 7 പേർ റേഷൻ കാർഡ് അനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് മുകളിലാണ്, 6 പേർ ദാരിദ്ര്യ രേഖയ്ക്കു താഴെയും. 1 ബാധകമല്ല.

6.7 ബാധിതരാകുന്ന ദുർബല വിഭാഗം

പട്ടിക 6.6 ബാധിതരാകുന്ന സാമൂഹ്യ വിഭാഗം	
സാമൂഹ്യ വിഭാഗം	സംഖ്യ
മറ്റ് പിന്നോക്ക വിഭാഗം	13
പൊതു വിഭാഗം	0
ബാധകമല്ല	1
മൊത്തം	18

പട്ടിക 5.6 ബാധിതരാകുന്ന ദുർബല വിഭാഗത്തെ അവതരിപ്പിക്കുന്നു. 13 എണ്ണം ഇതര പിന്നോക്ക വിഭാഗത്തിൻെറയും 1 എണ്ണത്തിൻെറ വിവരം ബാധകമല്ല.

അദ്ധ്യായം 7
ആഘാത ദുരീകരണ പദ്ധതി

7.1 ആഘാത ദുരീകരണ സമീപനം

ഭൂമി ഏറ്റെടുക്കൽ സൃഷ്ടിക്കുന്ന ആഘാതം ദുരീകരിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബാധിതരായവരിൽ ഭൂരിഭാഗവും അഭിപ്രായപ്പെട്ടത് വികസനത്തിനെ അനുക്കുലിക്കുന്നു, എന്നൽ ബാധിതരിൽ ചിലർ വ്യക്തമാക്കിയത് അവർ ഒരുതരത്തിലും ഭൂമി നൽകാൻ തയ്യാറല്ല എന്നുമാണ്. ഇതിനു മുപ് ഭൂമി ഏറ്റെടുത്തപ്പോൾ ന്യായമായ നഷ്ടപരിഹാരം നൽകിയില്ല എന്ന ആക്ഷേപവും അവർക്കുണ്ട്. അതിനാൽ അർഹാമായ നഷ്ടപരിഹാരം ലഭിച്ചാൽ അവരുടെ വസ്തുക്കൾ വിട്ടുനൽകാൻ തയ്യാറാണ്. അതിനാൽ ഭൂവുടമകളുമായി ചർച്ച നടത്തി നിയമപ്രകാരമുള്ള നഷ്ടപരിഹാരം തീരുമാനിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് തുക നൽകണമെന്നാണ് നിർദ്ദേശം.

7.2 ആഘാതം ഇല്ലായ്മ ചെയ്യുവാനും ലഘൂകരിക്കുവാനുള്ള മാർഗ്ഗങ്ങളും നഷ്ടപരിഹാരവും

2013 ലെ നിയമമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ ഭൂമി വിട്ട് കൊടുക്കുവാൻ ഭൂവുടമകൾ തയ്യാറാണെന്നാണ് സാമുഹ്യ ആഘാത പഠന സംഘത്തിന് മനസ്സിലാക്കാൻ സാധിച്ചത്. ന്യായമായ നഷ്ടപരിഹാരം സുതാര്യമായ വിധത്തിൽ സമയബന്ധിതമായി നൽകണം.

ക്ര. ന	ബാധിതൻ	ആഘാതം	നഷ്ടപരിഹാരവം
1	Latheef Kuttikkammuntepurakkal Angadi	ഭൂമി തെങ്ങ്-20.	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില മുൻപ് പഞ്ചയത്തിനു റോഡുണ്ടക്കുന്നതിനു സൗജന്യമായി നൽകിയ ഭൂമി തിരികെ നൽകുക
2	Ramsheed Vadakkarantepurakkal	ഭൂമി തെങ്ങ്-3	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
3	Sulfath & Rahmathunnisa Greenvilla , Ottumpuram	ഭൂമി തെങ്ങ്- 4,	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില മുൻപ് പഞ്ചയത്തിനു റോഡുണ്ടക്കുന്നതിനു സൗജന്യമായി നൽകിയ ഭൂമി തിരികെ നൽകുക.
4	Halima Amithanakath	ഭൂമി തെങ്ങ്-10	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
5	Nafeesa Amithanakath	ഭൂമി തെങ്ങ 25	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
6	Mujeeb Nechiyengal	ഭൂമി തെങ്ങ്-3	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
7	Saydmon & Ibrahim Moosantepurakkal	ഭൂമി തെങ്ങ്-25	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
8	Sahirabanu Nechiyengal	ഭൂമി തെങ്ങ്-20	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
9	Muhamadkutty Andikkadavath	ഭൂമി തെങ്ങ്-46	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
10	Sydmuhammad Andikkadavath	ഭൂമി തെങ്ങ്-12	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില

11	Hilar Nechiyengal	ഭൂമി തെങ്ങ്–20	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
12	Sirajuddeen (Safoora-late) Mammalintepurakkal Edakkara kadapuram	ഭൂമി തെങ്ങ്–12	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
13	Abubakkar Cherupurakkal Yunus Cherupurakkal Jafar Pareekkadavath	ഭൂമി തെങ്ങ്–50	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില
14	Sree Ramakrishna Asramam	ഭൂമി മതിൽ,ഗെയ്റ്റ്, തേക്ക്–10	നിയമപ്രകാരമുള്ള പക്കേജുകൾ/ ഭൂമി വില മതിൽ, ഗെയ്റ്റ് പുനർനിർമ്മാണം

7.3 പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള മാർഗ്ഗങ്ങൾ

ബാധിതർക്ക് 2013 നിയമമനുസരിച്ചുള്ള നഷ്ടപരിഹാരം ലഭ്യമാക്കണം. നിർദ്ദേഷ്ടാവ് നിയമത്തിൻെറ വകുപ്പുകൾ പാലിക്കുകയും പുനരധിവാസത്തിന് സമഗ്ര പ്ലാൻ നിറവേറ്റുകയും ചെയ്യണം. നഷ്ടപരിഹാരം നിയമം അനുശാസിക്കുന്ന വിധത്തിലും സമയത്തും പൂർണ്ണമായും നൽകണം

7.4 നിർദ്ദേഷ്ടാവ് സ്വീകരിക്കേണ്ട നടപടികൾ

നാണയപ്പെരുപ്പവും കേരളത്തിലെ ഭൂമി വിലയും പരിഗണിച്ച് പ്രത്യേക പാക്കേജനുസരിച്ച് നഷ്ടപരിഹാരം നൽകണം. പദ്ധതി ബാധിതർ അവരുടെ വിലപ്പെട്ട സമ്പാദ്യം പൊതു താത്പര്യത്തിനുവേണ്ടി നൽകുമ്പോൾ ഭൂമിയുമായുള്ള അവരുടെ വൈകാരിക ബന്ധവും അനുഭാവപൂർവ്വം പരിഗണിക്കണം. വീടുവെയ്ക്കനായി കരുതിയ ഭൂമി (സുൾഫത്, റഹ്മത്തുന്നീസ) യാണു നഷ്ടമകുന്നത്. പെൺകുട്ടികളണു. അവരെ ദോഷമില്ലാത്തവിധത്തിൽ സഹായിക്കണം.

7.5 സാമുഹ്യ ആഘാതം കുറവുള്ള ബദൽ പദ്ധതി സാധ്യതകൾ

സാമുഹ്യ ആഘാതം കുറവുള്ള ഇതര പദ്ധതി സാധ്യതകളൊന്നും നിർദ്ദേശിച്ചില്ല. പ്രസ്തുത പദ്ധതി രേഖ പൊതുവെ സ്വീകാര്യമാണ്. പരിയാപുരം വില്ലേജിൽ പരപ്പനങ്ങാടിക്കും താനൂരിനുമിടയിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്–3 നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നിശ്ചയിച്ചിരിക്കുന്ന അലൈൻറ്മെൻറ് മാത്രമണു ഏറ്റവും അനുയോജ്യം.

7.6 ആഘാത ദുരീകരണവും പ്ലാനും

നടത്തിയ ചർച്ചകളുടെയും പദ്ധതി പരിശോധനകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്ന സാമൂഹ്യ ആഘാത ദുരീകരണ പ്ലാൻ രൂപകൽപന ചെയ്തിട്ടുണ്ട്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തുകയെന്നത് പദ്ധതി നിർദ്ദേഷ്ടാവിൻെറയും ജില്ലാ ഭരണകൂടത്തിൻെറയും ഉത്തരവാദിത്തമാണ്. ആഘാത ദുരീകരണ മാർഗ്ഗങ്ങൾ താഴെപ്പറയുന്നവയാണ്:

പട്ടിക 7.1 ആഘാത ദുരീകരണവും പ്ലാനും			
ആഘാതം	ദുരീകരണ മാർഗ്ഗങ്ങൾ	നിരീക്ഷിക്കേണ്ട ഘടകങ്ങൾ	ചുമതലയുള്ളവർ
അപര്യാപ്തമായ നഷ്ടപരിഹാരത്തെക്കുറിച്ചുള്ള ആകുലത	പൂർണ്ണ നഷ്ടപരിഹാരത്തിനുള്ള മാനദണ്ഡം നിശ്ചയിക്കുക; അത് മുൻകൂട്ടി പ്രസിദ്ധീകരിക്കുക, പരാതികൾ പരിഹരിക്കുവാൻ സംവിധാനം സ്യഷ്ടിക്കുക	നഷ്ടപരിഹാരത്തിൽ സുതാര്യത; നഷ്ടപരിഹാരത്തെക്കുറിച്ചുള്ള പരാതികളുടെ സംഖ്യ; നഷ്ടപരിഹാരം വർദ്ധിപ്പിക്കുവാനുള്ള അഭ്യർത്ഥനകളുടെ സംഖ്യ	റവന്യൂ വകുപ്പ്/ കിഫ്ബി
പുനരധിവാസത്തെക്കുറിച്ചുള്ള ആശങ്ക	നിയമം അനുശാസിക്കുന്ന നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുക	നഷ്ടപരിഹാരം സുതാര്യ മായും കൃത്യമായും ലഭിക്കു ന്നുവെന്ന് ഉറപ്പുവരുത്തുക	റവന്യൂ വകുപ്പ് കിഫ്ബി
നഷ്ട പരിഹാരം ലഭിക്കുവാനുള്ള കാലതാമസം	നഷ്ട പരിഹാരം മുൻകൂട്ടി നിശ്ചയിക്കുക	നഷ്ടപരിഹാരം ലഭിക്കുവാൻ ദീർഘനാൾ കാത്തിരിക്കേണ്ട വരുടെ സംഖ്യ	റവന്യൂ വകുപ്പ്/ കിഫ്ബി

സാമ്പത്തിക നടപടികൾ

14 ഭൂവുടമകൾക്കും ആശ്രിതർക്കും ഭൂമി / ഇതര ആസ്തികൾ നഷ്ടപ്പെടുന്നതാണ് രൂക്ഷമായ സാമൂഹ്യ ആഘാതം. 2013 ഭൂമി എറ്റെടുക്കൽ നിയമം 26 മുതൽ 31 വരെയുള്ള വകുപ്പുകൾ അനുസരിച്ച് ന്യായമായ നഷ്ടപരിഹാരം സമയ ബന്ധിതമായി ലഭ്യമാക്കണം.

പാരിസ്ഥിതിക നടപടികൾ

a) പദ്ധതി രൂപകൽപ്പന ചെയ്യുമ്പോൾ പ്രദേശത്തെ വൃക്ഷലതാദികളെ ബാധിക്കാത്ത തരത്തിൽ പരിസ്ഥിതി സൗഹൃദമായ മാർഗ്ഗങ്ങൾ അവലംഭിക്കണം.
b) വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള കനാലുകൾ നിർമ്മിക്കണം സംവിധാനങ്ങൾ ഉണ്ടാകണം.

പുനരധിവാസം

പുനരധിവാസ പ്രക്രിയയിൽ പദ്ധതി ബാധിതരെ വൈകാരിക തലത്തിലും ക്ഷതമേൽപ്പിക്കാതെ സൂക്ഷിക്കണം. മതിലുകളുടെയും ഭാഗങ്ങളും കാർഷീകജീവനോപാധികളും മറ്റ് പുനരധിവാസ ആവശ്യങ്ങളും നിറവേറ്റാനാവശ്യമായ സാമ്പത്തിക സഹായം സമയത്തുതന്നെ ലഭ്യമാക്കണം.

7.7 ആഘാതം കുറയ്ക്കുവാൻ / ദുരീകരിക്കുവാനുള്ള മാർഗ്ഗങ്ങൾ

- പാലവും തീരദേശപാതക്കും മുൻപ് സൗജന്യമായി പഞ്ചയത്തുറോഡിനുവേണ്ടി ഭൂമിയെടുത്തു. ശേഷിച്ചഭൂമിയിൽ നിന്നു വളരെചെറിയ വിലക്കു പഞ്ചായത്ത് ഏറ്റെടുത്തു.

ശേഷിച്ചതിയിൽനിന്നും ഇപ്പോൾ ഏറ്റെടുക്കുന്നു. ബാക്കിവരുന്ന ഭൂമി പെൺമക്കൾക്ക് വീടുവയ്ക്കാൻ തികയില്ല. ആദ്യം സൗജന്യമായി നൽകിയ ഭൂമി തിരികെ നൽകണമെന്നു ആവശ്യപ്പെട്ടു.

- റവന്യൂവകുപ്പും നഗരസഭയും പദ്ധതി നിർദ്ദേഷ്ടാവും നിർമ്മാണ ഘട്ടത്തിൽ ഉണ്ടായേക്കാവുന്ന അപ്രതീക്ഷിതമായ പ്രശ്നങ്ങൾ നേരിടുവാൻ വേണ്ടതായ സംവിധാനം ഒരുക്കണം.

പ്രതികൂല ഘടകങ്ങളേക്കാൾ അനുകൂലമായവ കൂടുതലും പൊതു ആശ്യത്തിനുവേണ്ടി അനിവര്യമായതും ആയതിനാൽ, നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് പദ്ധതിക്ക് ഏറ്റവും അനുയോജ്യം. പരമ്പരാഗത സ്വത്തുക്കളുടെ നഷ്ടം ഭൗതികമായും മാനസികമായും ബാധിക്കും. എങ്കിലും പ്രതികൂലം വളരെ കുറവാണ്. ഭൂരിപക്ഷം ഭൂവുടമകളും നല്ലവില നഷ്ടപരിഹാരം കിട്ടിയാൽ ഭൂമി വിട്ടുകൊടുക്കുവാൻ സന്നദ്ധരാണെന്നുള്ളത് വലിയ ഒരു കാര്യമാണ്. ഫലപ്രദമായ മാർഗ്ഗങ്ങളിലൂടെ ദോഷഫലങ്ങൾ കുറയ്ക്കുവാൻ സാധിക്കുമെന്നും സാമൂഹ്യ ആഘാത പഠനസംഘം നിരീക്ഷിക്കുന്നു.

അദ്ധ്യായം 8
സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി: അടിസ്ഥാന ഘടന

8.1 ആമുഖം

സ്ഥലം ഏറ്റെടുക്കലിൻെറ ഭാഗമായ പഠനത്തിൻെറയും അന്വേഷണത്തിൻെറയും പൊതുജനഹിത പരിശോധനയുടെയും ഫലമായി പൊതുവായൊരു സാമൂഹ്യ ആഘാത ലഘൂകരണ പദ്ധതി (SIMP) രൂപംകൊണ്ടു. ഈ പദ്ധതിയാണ് സാമൂഹ്യ വശങ്ങൾക്കും സംഭവനീയമായ ആഘാതങ്ങൾക്കും ലഘൂകരണ പദ്ധതികൾക്കും പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്. പദ്ധതി നടപ്പിലാക്കുമ്പോൾ ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് RFCTLARR 2013 സെക്ഷൻ 44 (1) പ്രകാരം നിയമിക്കപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്.

8.2 സ്ഥാപന ഘടനയും പ്രധാന വ്യക്തികളും

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള കേന്ദ്രസർക്കാരിൻെറ 2013ലെ അവകാശ നിയമം അനുസരിച്ച് സാമൂഹ്യ ആഘാതം ലഘൂകരിക്കുവാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും കേരള സർക്കാർ നല്ലൊരു സ്ഥാപന ഘടനാരീതി അവിഷ്കരിച്ചിട്ടുണ്ട്.

കേരള സർക്കാരിൻെറ G.O. (Ms) No. 485/2015/ RD) തിയതി 23/9/2015 പ്രസിദ്ധീകരിച്ച ന്യായനഷ്ട പരിഹാര സുതാര്യ സ്ഥലം ഏറ്റെടുക്കൽ നയമനുസരിച്ച്:

1. ചീഫ് സെക്രട്ടറി, ചെയർമനായും,
2. റവന്യൂ സെക്രട്ടറ – മെമ്പർ,
3. ഭരണ വിഭാഗം സെക്രട്ടറി – മെമ്പർ,
4. ചെയ്മൻ നാമനിർദേശം ചെയ്യുന്ന ഒരു ഉദ്യോഗസഥൻ പ്രത്യേക ക്ഷണിതാവ്

എന്നിവർ അംഗങ്ങളായുള്ള ഒരു സംസ്ഥാന തല ഉന്നതാധികാര കമ്മിറ്റിക്ക് രൂപം നൽകി. RFCTLARR 2013 അനുസരിച്ചുള്ള കത്ത്വ്യങ്ങൾ നിവ്വ്ഹിക്കേണ്ടത് ഇവരാണ്.

സർക്കാരിൻെറ ഇതേ നയമനുസരിച്ച് ജില്ലാ കളക്ടർ, പുനരധിവാസ വിഭാഗത്തിലെ ഭരണത്തലവൻ, ഭൂമിയേറ്റെടുക്കൽ ഉദ്യോഗസ്ഥൻ, ധനകാര്യ ഉദ്യോഗസ്ഥൻ, ഭൂമി ആവശ്യപ്പെടുന്നവരെ പ്രതി അന്തിമ സാമ്പത്തിക തീരുമാനങ്ങൾ എടുക്കുവാൻ അവരുടെ പ്രതിനിധികൾ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതിയാണ് RFCTLARR 2013 അനുസരിച്ചുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റേണ്ടത്.

ന്യായമായ നഷ്ടപരിഹാര പുനരധിവാസ ക്രമീകരണ (2013) നിയമത്തിലെ 43 (1) പ്രകാരം നിയമിതനാകുന്ന ഭരണാധികാരി (Administrator) സുതാര്യ ഭൂമിയേറ്റെടുക്കൽ സംബന്ധിച്ച

പുനരധിവാസത്തിൻെറയും പുന:ക്രമീകരണത്തിൻെറയും രൂപരേഖയും പ്രവർത്തനരീതിയും നിരീക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കേണ്ടിയിരിക്കുന്നു. കേരള സർക്കാരിൻെറ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം ഓരോ ജില്ലയിലേയും ഡെപ്യൂട്ടി കളക്ടറിനെയാണ് പുനരധിവാസ ക്രമീകരണ കാര്യങ്ങളുടെ ഭരണാധികാരിയായി (Administrator) മേൽപ്പറഞ്ഞ നിയമപ്രകാരം നിയമിച്ചിരിക്കുന്നതും ഉഭയസമ്മതപ്രകാരമല്ലാതെ ഭൂമിയേറ്റെടുക്കപ്പെട്ടവരുടെ കാര്യങ്ങൾക്കായി നിയോഗിച്ചിരിക്കുന്നതും.

കൂടാതെ, ന്യായനഷ്ട പരിഹാര സുതാര്യ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ പുന:ക്രമീകരണ (2013) നിയമം 44 (1) അനുസരിച്ച് കേരള സർക്കാരിൻെറ G.O. (P) M. No. 590/2015/ RD) തിയതി 11/11/2015 പ്രകാരം, ഭൂമി ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന പുരധിവാസ പുന:ക്രമീകരണ പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനും ശരിയായ രീതിയിൽ അത് നടപ്പിലാക്കാനും ഭൂമി നഷ്ടപ്പെട്ടവർക്ക് സാമൂഹ്യ നീതി ഉറപ്പുവരുത്താനും ഡെപ്യൂട്ടി കളക്ടർക്കു പുറമേ, ലാൻറ് റവന്യു കമ്മിഷണറെ നിയമിച്ചിരിക്കുന്നു.

RFCTLARR 2013 സെക്ഷൻ 3ൽ പറഞ്ഞിരിക്കുന്ന അധികാരമുപയോഗിച്ചും അതേ നിയമത്തിൻെറ കേരള പകർപ്പ് (2015) ൻെറ 3 (1) അനുസരിച്ചും കേരള സർക്കാർ G.O. (P) No. 649/2015/ RD) തിയതി 4/12/2015 മുഖേന സ്പെഷ്യൽ തഹസിൽദാരെയും (ഭൂമി എറ്റെടുക്കൽ-കിഫ്ബി) മലപ്പുറം ജില്ല ഡെപ്യൂട്ടി കളക്ടറെയും (ഭൂമി എറ്റെടുക്കൽ) മേൽ പറഞ്ഞ (2013) നിയമപ്രകാരം (3) കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന ഒരുത്തരവാദിത്വമോ അതിൽ കൂടുതൽ ഉത്തരവാദിത്വങ്ങളോ സെക്ഷൻ 12 പ്രകാരം നിർവ്വഹിക്കുവാൻ ജില്ലാതലത്തിൽ നിയമിച്ചിരിക്കുന്നു. ഇവരേയും ഇവരുടെ ഉദ്യാഗസ്ഥരേയും ജോലിക്കാരേയും മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 2 ലെ സബ്സെക്ഷൻ (1) അനുസരിച്ച് ഇവരുടെ അധികാര പരിധിയിൽ വരുന്ന ഭൂമി ഏറ്റെടുക്കൽ നടപടികൾ ചെയ്യുവാൻ അധികാരപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യായം 9

സാമൂഹ്യ ആഘാത ധനകാര്യനിയന്ത്രണത്തിൻെറയും ലഘൂകരണത്തിൻെറയും ബജറ്റ്

9.1 പുനസ്ഥാപനത്തിൻെറയും പുനരധിവാസത്തിൻെറയും ചെലവ്

ഭൂമി ഏറ്റെടുക്കലിനെ പ്രതിപാദിക്കുന്ന 2013 ലെ നിയമനുസരിച്ച് സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും അധികാരപ്പെടുത്തിയിരിക്കുന്ന കമ്മറ്റിയാണ് ഇത് കണക്കാക്കേണ്ടത്.

9.2 വാഷിക ബജറ്റും പ്രവർത്തന പ്ലാനും

റവന്യു വകുപ്പിലെ ഭൂമി ഏറ്റെടുക്കൽ വകുപ്പാണ് ഇത് തയ്യാറാക്കേണ്ടത്.

9.3 സാമ്പത്തിക സ്രോതസ്സും ഇനം തിരിച്ചുള്ള ചെലവുകളും

ലഭ്യമല്ല.

അദ്ധ്യായം 10

സാമൂഹ്യ ആഘാത നിയന്ത്രണ പദ്ധതി മേൽനോട്ടവും വിലയിരുത്തലും

10.1 ആമുഖം

നിരീക്ഷിക്കുക / മേൽനോട്ടം വഹിക്കുക എന്ന ദീഘകാല പ്രക്രിയ നിർമ്മാണം മുതൽ പദ്ധതിയുടെ ആയുഷ്ക്കാലം മുഴുവനും തുടരണം. ഗുണനിലവാരത്തിൻെറ മാനദണ്ഡങ്ങൾ നിർണ്ണയിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ ആഘാതങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് നിരന്തരം വിലയിരുത്തുകയാണ് ഇതിൻെറ ലക്ഷ്യം. സാമൂഹ്യആഘാതം ലഘൂകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികളുടെ ഫലപ്രാപ്തി ആനുകാലികമായും തുടർച്ചയായും നിർണ്ണയിക്കുന്നതും നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. സാമൂഹ്യ ആഘാത ലഘൂകരണ നടപടികളോ അതിൻെറ രൂപഘടനയോ യഥാർത്ഥ ആഘാതമോ നിരീക്ഷണത്തിന് വിധേയമാക്കാം. എന്നാൽ മറ്റ് മാനദണ്ഡങ്ങൾ, പ്രത്യേകിച്ച് സാമൂഹ്യമോ, സാമ്പത്തികമോ, പരിസ്ഥിതി സംബന്ധമോ ആയ കാര്യങ്ങൾ ഫലപ്രദമായി പഠിക്കുവാൻ മൂന്നുമുതൽ അഞ്ച് വർഷം വരെ ആവശ്യമാണ്.

RFCTLARR 2013 പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രക്രിയയും അതിൻെറ വിവിധ സാമൂഹ്യ ആഘാത ലഘൂകരണ നടപടികളും രേഖപ്പെടുത്തുവാനും അവ അറിയിക്കുവാനും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കേരള സംസ്ഥാന സർക്കാർ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

10.2 സംസ്ഥാന തലത്തിലുള്ള സംവിധാനം

RFCTLARR 2013 സെക്ഷൻ 44 (1) അനുസരിച്ച് കേരള സംസ്ഥാന സർക്കാരിൻെറ 2015 ഏപ്രിൽ 11 ലെ കേരള ഗസറ്റ് G.O. (P) M. 589/2015/ RD) മുഖേന സംസ്ഥാന തല പുനരധിവാസ കമ്മീഷണറായി ഭൂമി നികുതി കമ്മീഷണർ നിയമിതനായി. അദ്ദേഹത്തിൻെറ ഉത്തരവാദിത്തമാണ് സംസ്ഥാന തലത്തിൽ പുനരധിവാസ പദ്ധതികളുടെ രൂപീകരണം നിരീക്ഷിക്കുകയും അതിൻെറ ശരിയായ നടപ്പാക്കലും പുനരധിവാസത്തിനുശേഷം സാമൂഹ്യ കണക്കു പരിശോധനയും.

10.3 ജില്ലാ തലത്തിലുള്ള സംവിധാനം

ഭൂമി ഏറ്റെടുക്കുന്നതിലും പുനരധിവാസത്തിലും ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള 2013 ലെ അവകാശ നിയമം സെക്ഷൻ 43 (1) അനുസരിച്ച് നിയമിതനായ ഭരണാധികാരിക്കാണ് ജില്ലാ തലത്തിൽ ഭൂമി എറ്റെടുക്കൽ സംബന്ധിച്ചുള്ള പുനരധിവാസ പദ്ധതികളുടെ രൂപീകരണത്തിൻെറയും നിരീക്ഷണത്തിൻെറയും അത് ശരിയായി നടപ്പിലാക്കുന്നതിൻെറയും പുനരധിവാസത്തിൻെറയും ഉത്തരവാദിത്തം. കേരള സംസ്ഥാന സർക്കാരിൻെറ 2015 ഏപ്രിൽ 11 ലെ

കേരള ഗസറ്റ് സംഖ്യ G.O. (P) M. 590/2015/ RD) അനുസരിച്ച് പ്രസ്തുത നിയമ പ്രകാരം പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുവാനും ഭൂമി ഏറ്റെടുക്കൽ വഴി സ്വമേധയാ അല്ലാതെ സ്ഥലം നഷ്ട്ടപ്പെട്ടവരുടെ കാര്യങ്ങൾക്കായും മലപ്പുറം ജില്ലാ ഡെപ്യൂട്ടി കളക്ടറെ ചുമതലപ്പെടുത്തി. കൂടാതെ, ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും അന്തിമ രൂപം കൊടുക്കുവാനും നടപ്പിലാക്കുവാനും മേൽനോട്ടം വഹിക്കുവാനും ജില്ലാതല നഷ്ടപരിഹാര പുനരധിവാസ സമിതിയെയും സംസ്ഥാനതല ഉന്നതാധികാര സമിതിയെയും അധികാരപ്പെടുത്തി.

ബാധിച്ച വ്യക്തികൾക്കും കുടുംബങ്ങൾക്കും ന്യായമായ വിലയും പുനരധിവാസ പദ്ധതികളും വിഭാവനം ചെയ്ത് അന്തിമരൂപം നൽകുന്നതിനുള്ള അധികാരം ജില്ലാ സമിതിയിൽ നിക്ഷിപ്തമാണ്. നിയമത്തിൻെറ രണ്ടും മൂന്നും സെക്ഷനുകളനുസരിച്ച് അർഹിക്കുന്ന കുടുംബങ്ങളുടെ/ സ്ഥാപനങ്ങളുടെ പുനരധിവാസവും പുന:സ്ഥാപനവും സമിതി ഉറപ്പുവരുത്തണം. ജില്ലാ സമിതിയുടെ ശുപാർശകൾ പരിഗണിച്ച് അംഗീകരിക്കുകയോ, നിർദ്ദേശങ്ങളോടെ തിരിച്ചയക്കുകയോ ചെയ്യുക സംസ്ഥാന സമിതിയുടെ ഉത്തരവാദിത്തമാണ്.

അദ്ധ്യായം 11

ചെലവിൻെറയും പ്രയോജനങ്ങളുടെയും അപഗ്രഥനം
ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശം

11.1 സമാപ്തിയും ലക്ഷ്യങ്ങളുടെ വിലയിരുത്തലും

മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ പരിയാപുരം വില്ലേജിൽ മുഹയുദ്ദീൻ പള്ളിമുതൽ കെട്ടുങ്ങൽ വരെയുള്ള ഭാഗത്തുനിന്നും തീരദേശ പാത റീച്ച്-3 പദ്ധതി നിർമ്മിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമാണ്. വർദ്ധിച്ചുവരുന്ന ഗതാഗതത്തിരക്കും നിത്യേനയെന്നോണം നിരത്തിലെ വാഹനങ്ങളുടെ എണ്ണവും ദേശീയ പതയിൽ തിരക്ക് കൂടുന്നതും പരിഗണിക്കുമ്പോൾ ഈ തീരദേശ പാത ഏറ്റവും ഒഴിച്ചുകൂടാനാവാത്തതാണ്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും കാസർകോട് വഴി കേരളത്തിൻെറ തെക്കൻ ജില്ലകളിലേക്ക് പോകുന്ന യത്രക്കാർക്കും ചരക്കു വാഹനങ്ങൾക്കും ഏറെ ഉപകാരപ്രദമാണു. ബീച്ചുകളും കടലോരങ്ങളുമെല്ലാമുള്ള തീര പ്രദേശങ്ങളിലൂടെയുള്ള സുഗമായ യത്രാസൗകര്യം വിനോദ സാഞ്ചാരം വളരെയധികം ഗുണപ്പെടും. അതിനാൽ എല്ലാപ്രകാരത്തിലും ഇത് ഒരു പൊതു താൽപര്യ പദ്ധതിയാണ്. സംസ്ഥനത്തിൻെറ അടിസ്ഥാന വികസനമാണു ഇതിലൂടെ സാധ്യമാകുന്നത്.

11.2 സാമൂഹ്യ ആഘാതത്തിൻെറ സ്വഭാവം

നിലവിലുള്ള തെങ്ങ്കൃഷിയിടങ്ങളും മതിലും ഗെയ്റ്റും ചേർന്ന 14 സർവേ നമ്പരുകളിൽനിന്നായി ഏകദേശം 88.20 ആർസ് സ്ഥലമാണ് ഏറ്റെടുക്കുവാനുള്ള ഭൂമി. തെങ്ങിൽനിന്നു ലഭിക്കുന്ന കുടുംബ വരുമാന നഷ്ടവും, തൂവൽ തീരം ബീച്ചിനോട് ചേർന്ന ഈ പ്രദേശം വിനോദ സഞ്ചാരവുമയി ബന്ധപ്പെട്ട് ജീവനോപാധികൾ അടക്കം വ്യവസായിക മുല്യങ്ങളുമുള്ള ഭൂമി നഷ്ടമാകുന്നതും ബാധിതർക്ക് തീരാനഷ്ടമാണ്. 13 കുടുംബങ്ങളുടെ ഭൂമിയും ഒരു ആശ്രമത്തിൻെറ മതിലും ഗെയ്റ്റും 10 തേക്കുകളും ഉൾപ്പെടെയുള്ള ഭൂമിനഷ്ടമാണ് ഏറ്റെടുക്കലിൻെറ മുഖ്യമായ ആഘാതം. 1 വസ്തുവകകൾ പൂർണ്ണമയി ബാധിക്കുന്നു. ഇവിടെയുള്ള ഭൂമി എറ്റെടുക്കൽ 13 കുടുംബങ്ങളിൽ നിന്നായി 57 പുരുഷന്മാരും 49 സ്ത്രീകളുമുൾപ്പെടെ 106 വ്യക്തികളെയും ബാധിക്കുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ, ഉപജീവനമാർഗ്ഗത്തിലുണ്ടാകാവുന്ന നഷ്ടം മുഖേന പരോക്ഷമായോ പ്രത്യക്ഷമായോ പൂർണ്ണമായോ ഭാഗികമായോ കുടുംബങ്ങളെ/ വ്യക്തികളെ ബാധിക്കും.

11.3 പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ

ആഘാതം ലഘൂകരിക്കുവാൻ പദ്ധതി ബാധിതരുടെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ /അഭിപ്രായങ്ങൾ താഴെ പ്പറയുന്നവയാണ്:

- ഭൂമി എറ്റെടുക്കൽ പൊതു ഉപയോഗത്തിനാണ് / പൊതു ആവശ്യത്തിനാണ്.
- നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലമാണ് ഏറ്റവും അനുയോജ്യം. മറ്റു ബദൽ മാർഗ്ഗങ്ങളില്ല

- പദ്ധതി ബാധിതരെല്ലാവർക്കും അവരുടെ ഭൂമി വിട്ടുനൽകാൻ സമ്മതമാണ്.
- യോജിച്ച നഷ്ടപരിഹാരം ആഘാതം ലഘൂകരിക്കും
- വേറൊരു ഉപജീവന മാർഗ്ഗം സ്ഥാപിക്കുന്നതിൽ സഹായം
- മാക്കറ്റ് വിലയ്ക്കനുസരിച്ചുള്ള മൂല്യനിണ്ണയം
- ഏറ്റെടുക്കലിനുശേഷമുള്ള സ്ഥലത്ത് നിർമ്മാണത്തിൽ റോഡിൽനിന്നുള്ള നിയതിത അകലത്തിൽ ഇളവ് നൽകുക
- മതിലുകളും ഗയ്റ്റുകളും പൊളിക്കുമ്പോൾ പുനരധിവാസത്തിനുള്ള പാക്കേജുകൂടി വേഗത്തിൽ ലഭ്യമാക്കണം/ഉറപ്പുവരുത്തുക.
- ഇതിനുമുൻപ് വളരെക്കുറഞ്ഞ വിലക്ക് ഭൂമിഏടുത്ത തുകൂടി പരിഗണിച്ച് പുതുതായി വില നിശ്ചയിക്കുക.

സംഗ്രഹവും പരിസമാപ്തിയും

ഭൂമി ഏറ്റെടുത്ത് പദ്ധതി നടപ്പിലാക്കുമ്പോൾ ലഘൂകരണ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് RFCTLARR 2013 സെക്ഷൻ 44 (1) പ്രകാരം നിയമിക്കപ്പെട്ടവരുടെ ഉത്തരവാദിത്തമാണ്. ഭൂമി ഏറ്റെടക്കൽ വളരെ അനിവാര്യമായ വസ്തുതയാണ്. 13 കുടുംബങ്ങളുടെയും വേറെ ഒരു സ്ഥാപനത്തിൻെറയും ഉൾപ്പെടെ 8 സർവ്വേ നമ്പറുകളിൽനിന്ന് ഏകദേശം 88.20 ആർസ് ഭൂമിയാണ് പദ്ധതിയ്ക്ക് ആവശ്യം. പദ്ധതി പ്രദേശത്തെ ബാക്കി സ്ഥലം പൊതുവഴിയും നിലവിലുള്ള റോഡും പാലവുമാണ്. പദ്ധതി പൊതുതാത്പര്യാർത്ഥമാണ്. ഈ സ്ഥലത്തിനു പകരം കുടുതൽ അനുയോജ്യമായ സ്ഥലം പ്രായോഗികമായി നിർദ്ദേശിക്കപ്പെട്ടിട്ടില്ല. എല്ലാവരും സ്ഥലം വിട്ടുനൽകാൻ തയ്യാറാണെന്നു പഠനസമയത്ത് വ്യക്തമാക്കി. ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ സ്ഥലം വിട്ടുകൊടുക്കുവാൻ ഭൂവുടമകൾ തയ്യാറാണ്. കരടറിപ്പോർട്ടിന്മേലുള്ള പൊതുചർച്ച ഭൂവുടമകളുടെയും അധികാരികളുടെയും സാന്നിദ്ധ്യത്തിൽ താനൂർ പി. ഡബ്ല്യു. ഡി. വിശ്രമ മന്ദിരത്തിൽ വെച്ച് 2023 മെയ് 03 ന് 11 മണിക്ക് നടന്നു. പഠന റിപ്പോർട്ട് പദ്ധതി ബാധിതർക്ക് നിയമമനുസരിച്ചുള്ള നഷ്ടപരിഹാരത്തിന് ഉപകരിക്കും. പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ പലരും ത്യാഗം സഹിക്കുകയും അവരുടെ ഏകവസ്തു ത്യജിക്കുകയും ചെയ്യേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതുവഴി പ്രദേശവാസികൾക്ക് ഭൂമിയും കാർഷിക വരുമാനങ്ങളും നഷ്ടപ്പെടുന്നുണ്ട്. നിയമനുസരിച്ചുള്ള ന്യായമായ നഷ്ടപരിഹാരം ഇവർക്ക് ലഭിക്കണം. 2013ലെ ഭൂമി ഏറ്റെടക്കൽ നിയമത്തിലെ (RFCTLARR-Act) വകുപ്പുകൾ ഇതിന് പര്യാപ്തമാണ്. വേഗത്തിൽ ഭൂമി എറ്റെടുക്കൽ നടപടി പൂർത്തിയാക്കി ബാധിതരുടെ കഷ്ട നഷ്റ്റങ്ങൾ ഒഴിവാക്കി പദ്ധതി നടപ്പിലാക്കണമെന്ന് പഠന സംഘം ശുപാർശ ചയ്യുന്നു

****